032:3N033:11
F9

MURUGAN BINDING WORKS,
NO. 3, BOMMULIER STREET,
ELEPHANT GATE, MADRAS-1.

N633:11 F9

MUL
094269

Madras Univers

Call Number 032:3N

Accession Number 942

Available for loan from —

This book should be returned
the date last marked b

| | | |
|---|---|---|
| | | |

O. 61

118 A

# PITHRUPALAKAN.

# പിതൃപാലകൻ.

ററി. പി. ചെറിയാൻ ബി. ഏ. എൽ. ടി.

T. P. Cheriyan

B. V. BOOK DEPOT & PRINTING WORKS
PRINTERS, PUBLISHERS
BOOK SELLERS ETC.
TRIVANDRUM. TRICHUR.

എസ്സ്. ആർ. ബുക്കഡിപ്പോ.

വി. വി. പ്രസ്സ്—കൊല്ലം.

1104.

2 MAR 19

94269

032:3N033:11

F9

# മുഖവുര.

---

വായനക്കാൎക്കു് പിതൃഭക്തി ഉണ്ടാകണമെന്നുള്ള ഉദ്ദേശത്തോടുകൂടി രചിച്ചിട്ടുള്ള ഒരു സ്വതന്ത്രകൃതിയാണു് പിതൃപാലകൻ എന്ന ഈ ചെറുപുസ്തകം. ഇതു വായിക്കുന്നവൎക്കു് അ ഗുണം അല്പമെങ്കിലും ഉളവായാൽ ഞാൻ കൃതാൎത്ഥനായി. ഇതിൽ വന്നുപോയിട്ടുള്ള സ്ഖലിതങ്ങൾ മഹാജനങ്ങൾ ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു.

വൈക്കം,<br>16-1-104. } ഗ്രന്ഥകൎത്താ.

# പിതൃപാലകൻ.

## അദ്ധ്യായം ൧.

### പിതൃപാലകൻ.

ഈശ്വരാ, ഈ സാധുവിന്റെ സ്ഥിതി ഒന്നു നോക്കണേ! ഈ പാപി ഈ ലോകത്തിൽ എത്ര ബുദ്ധിമുട്ടും കഷ്ടപ്പാടും അനുഭവിക്കുന്നുണ്ടു്. ഞാൻ എത്ര പ്രയാസപ്പെട്ടാണു് കുടുംബകാൎയ്യങ്ങൾ നടത്തിക്കൊണ്ടുപോകുന്നതു്; എങ്കിലും മാതാപിതാക്കന്മാർ എന്നെ ശങ്കിക്കുകയാണല്ലോ ചെയ്യുന്നതു്. അവർ പ്രയാസപ്പെട്ടതെല്ലാം അസ്ഥാനത്തിലായിപ്പോയി എന്നു് അവർ ക്ലേശിക്കുന്നുവല്ലോ. എങ്കിലും നീ എന്റെ പരമാൎത്ഥാവസ്ഥ അറിയുന്നുണ്ടെന്നുള്ള വിശ്വാസം എന്നെ സമാധാനപ്പെടുത്തുന്നു. എന്റെ മാതാപിതാക്കന്മാരെ ക്ഷേമമായി പുലൎത്തുവാൻ പ്രാപ്തിയുണ്ടാകുന്നതിനു മാത്രമേ എനിക്കു കാംക്ഷയുള്ളു. അതിനു് ഞാൻ എന്തെല്ലാം ക്ലേശം വേണമെങ്കിലും സഹിച്ചുകൊള്ളാം; പട്ടിണിയൊ, നഗ്നതയോ എന്തായാലും അനുഭവിച്ചുകൊള്ളാം. എങ്കിലും രണ്ടുമൂന്നു കുട്ടികൾ ഉണ്ടല്ലോ. അവരെ എങ്ങിനെയാണു് തീരെ ഉപേക്ഷിക്കുന്നതു്. അവൎക്കു ഞാനല്ലാതെ അന്യശരണമുണ്ടോ? അവൎക്കാഭരണമില്ല, വസ്ത്രമില്ല, ശരിയായ പോഷണപദാൎത്ഥം നല്കുന്നില്ല എന്നെല്ലാം എന്റെ പ്രിയതമ പുലമ്പുന്നതു ഞാനത്ര ഗണിക്കുന്നില്ല. അവളങ്ങിനെ പറയുന്നതിനു അവളെ പഴിച്ചിട്ടാവശ്യവുമില്ലല്ലോ. അവൾ അങ്ങിനെ

പറയാതെ എന്തുചെയ്യും? അവരുടെ സുഖൈശ്വൎയ്യാദിക ളിൽ അവൎക്കുള്ള ഉൽകണ്ഠ ഒന്നുമാത്രമാണു് ഏവംവിധം വിലപിക്കുന്നതിനു് അവളെ നിൎബന്ധിക്കുന്നതു്. അവ ൎക്കായി ഈ ഘട്ടത്തിൽ വല്ലതും സമ്പാദിച്ചുവയ്ക്കണമെന്നു ഞാനാഗ്രഹിക്കുന്നില്ല. അങ്ങിനെ ഒരു ചില്ലിപോലും സം ഗ്രഹിച്ചിട്ടില്ലെന്നു ഭഗവാനേ! അങ്ങേക്കറിയാമല്ലൊ. അങ്ങ യുടെ നിശ്ചയമില്ലെങ്കിൽ മനുഷ്യന്റെ കരുതലുകളൊന്നും ഫലപ്രദമായി വരികയില്ലല്ലൊ. അങ്ങയുടെ കരുണയു ണ്ടാകുമ്പോൾ സകല ദരിദ്രാവസ്ഥകളും ഐശ്വൎയ്യസമൃദ്ധിക ളായി രൂപാന്തരപ്പെട്ടുകൊള്ളുമെന്നു് എനിക്കു നല്ല നിശ്ചയ മുണ്ടു്. അതിനാൽ കുഞ്ഞുങ്ങൾക്കുവേണ്ടി സമ്പാദിച്ചു വ യ്ക്കണമെന്നു ഞാനാഗ്രഹിച്ചിട്ടില്ല. എങ്കിലും അവരെ പട്ടി ണിയിട്ടു പൊറിയ്ക്കാമോ? വിശേഷപ്പെട്ട ഭക്ഷണസാധനങ്ങൾ കൊടുത്തില്ലെങ്കിലും വിശപ്പടക്കാൻ വല്ലതും നല്കേണ്ടയോ? സാമാനങ്ങൾക്കു് അത്യധികം വില വൎദ്ധിച്ചിരിക്കുന്ന ഇക്കാല ത്തു അവരെ പുലൎത്തുന്നതിനുതന്നെ എന്തുചെലവുണ്ടു്. ചില സമയം അവർ വിശപ്പുനിമിത്തം നിലവിളിക്കുന്നതു കേൾക്കു മ്പോൾ എന്റെ ഉള്ളം തകൎന്നുപോകാതിരിക്കുന്നില്ല. അവരെ പട്ടിണിയിട്ടുംവച്ചു ഞാൻ മാതാപിതാക്കന്മാരെ തൃപ്തിപ്പെടു ത്തുകയോ വേണ്ടതു? ഈ കുഞ്ഞുങ്ങളെ സംബന്ധിച്ചു എന്റെ പ്രാണപ്രേയസിക്കു എന്തുമാത്രം ദുഃഖമുണ്ടു്. കഷ്ടം! നിഷ്കളങ്ക ദുഃഖിക്കേണമല്ലൊ! എന്തുചെയ്യാം അങ്ങിനെ ചെയ്യട്ടെ. ഈ ദുൎഭഗനെ വരിച്ചതുകൊണ്ടു അവൾ ദുഃഖി ക്കതന്നേവേണം. ഈശ്വരാ! അടിയനിൽ കൃപതോന്നണേ! അടിയനെ അനുഗ്രഹിക്കണമേ! അടിയന്റെ കഷ്ടാവസ്ഥയ്ക്കു് ഒരു ശമനം വരുത്തണമേ! അടിയന്റെ സ്വാപരാധങ്ങളേ യും ക്ഷമിച്ചു അടിയനിൽ തിരുവുള്ളമുണ്ടാകണമേ!

ഇപ്രകാരം ദരിദ്രനായ ഒരാൾ ഒരു ദിവസം സായാഹ്നത്തിൽ വിലപിച്ചുകൊണ്ടിരുന്നു. പിതൃപാലകൻ എന്നായിരുന്നു അയാളുടെ പേർ. ശാംബലദ്വീപിൽ ഒരു കുടിലിൽ താമസിച്ചിരുന്ന ഒരു കൂലിവേലക്കാരനായിരുന്നു ഈ പിതൃപാലകൻ. അയാളെ കൂടാതെ ആ കുടിലിൽ അയാളുടെ പ്രായംചെന്ന മാതാപിതാക്കന്മാരും, ശാന്തശീലയായ ഭാര്യയും അരുമ സന്താനങ്ങളായ മൂന്നുകുട്ടികളും ഉണ്ടായിരുന്നു. മാതാപിതാക്കന്മാർ നന്നാ വയസ്സുചെന്നവരും ക്ഷീണിച്ചവരുമായിരുന്നതിനാൽ, അവക്ക് യാതൊരു ജോലികളും ത്രാണിയുണ്ടായിരുന്നില്ല. ഭാര്യയുടെ സമയം അധികഭാഗവും മാതാപിതാക്കന്മാരുടെ ശുശ്രൂഷയ്ക്കായി ചെലവിടേണ്ടിയിരുന്നു. എന്തുകൊണ്ടെന്നാൽ ആ ദ്വീപിലെ മര്യാദപ്രകാരം പുത്രഭാര്യമാരുടെ ഒന്നാമത്തെ ചുമതല പിതൃശുശ്രൂഷയാണ്. അതുകഴിഞ്ഞേ ഭർത്തൃശുശ്രൂഷയ്ക്കോ ശിശുപരിപാലനത്തിനൊ പോകാവൂ. പുത്രന്മാർക്കും ഈ ചുമതലയുണ്ട്. ഇതുകൂടാതെ ശിശുക്കളെ പരിപാലിക്കുന്നതിനും, ഗൃഹജോലികൾ നടത്തുന്നതിനും ബാക്കിയുണ്ടായിരുന്ന സമയം വിനിയോഗിക്കേണ്ടിയിരുന്നതിനാൽ, നല്ല കായബലമുണ്ടായിരുന്ന ക്ഷമാപതിയ്ക്കു ഇതരതൊഴിലുകളിൽ ഒന്നിലും ഏർപ്പെടുവാൻ കഴിഞ്ഞിരുന്നില്ല.

ഈ കാരണങ്ങളാൽ അവരെയെല്ലാവരേയും സംരക്ഷിക്കേണ്ട ഭാരം പിതൃപാലകൻ തന്നെ വഹിക്കേണ്ടിവന്നു. ഇയാളൊ അഗതിയും ബുദ്ധിശൂന്യനുമായിരുന്നു. കൂലിവേലകൊണ്ടായിരുന്നു ഇയാളുടെ കഴിച്ചിൽ എന്നുപറഞ്ഞിട്ടുണ്ടല്ലൊ. കൂലിവേലതന്നെ നിത്യം കിട്ടിവന്നിരുന്നില്ല. അധികം വേലക്കാർ ഉണ്ടായിരുന്ന അവസരങ്ങളിൽ കൂലി പതിവിൽ കുറവായിരുന്നു. സാമാനങ്ങളുടെ വില ക്രമാതീതമായി

വലിച്ചിരുന്നതുകൊണ്ടു പതിവുള്ള കൂലിതന്നെ അതാതു ദിവസത്തെ അത്യാവശ്യസാമാനങ്ങൾ വാങ്ങുന്നതിന് മതിയായിരുന്നില്ല. ഇവമൂലം ഇയാൾ ബുദ്ധിമുട്ടും, നിർദ്ധനതാപവുമാകുന്ന ചുഴലിയിൽ കിടന്നു നിത്യം കറങ്ങികൊണ്ടിരുന്നു. ദാരിദ്ര്യശൂലം ഇയാളെ ഏതെല്ലാം വിഷയങ്ങളിൽ കുത്തിത്തുളച്ചുകൊണ്ടിരുന്നു എന്നു് അനുഭവിച്ചിട്ടുള്ളവൎക്ക് മനസ്സിലാകയുള്ളൂ. ഇയാളുടെ ഹൃദയം എപ്പോഴും നിരാശാഗ്നിനീററികൊണ്ടിരുന്ന ഒരു മൺമൂശയും, മുഖം ഞെട്ടററപുഷ്പവും നയനങ്ങൾ നീരൊലിച്ചുകൊണ്ടു കഴിഞ്ഞ ഗൎത്തങ്ങളുമായിരുന്നു. ബുദ്ധിമയങ്ങി ഇയാൾക്കൊന്നിലും ഉന്മേഷമില്ലാതായി. വാക്ക പാലിപ്പാനുള്ള ഇയാളുടെ ഉദ്യമങ്ങൾ വിഫലങ്ങളായി. തൻെറ സ്ഥിതി നന്നാക്കാനുള്ള പരിശ്രമങ്ങളിലേപ്പെടാൻ എത്ര അനുഗ്രഹിച്ചിട്ടും ഇയാൾക്ക കഴിഞ്ഞില്ല. മരണം തന്നെ ഈ നിൎദ്ധനു ആദായകരമായിത്തോന്നി.

ഇപ്രകാരമുള്ള മനോവേദനയുടെ ശല്യാഘാതമേറ്റു ചാലായിരുന്ന ദരിദ്രനായ പിതൃപാലകൻ മേൽപ്രസ്താവിച്ചുവിധം പ്രലപിച്ചുകൊണ്ടിരിക്കുന്നതു്.

---

## അദ്ധ്യായം ൨.

---

### കഷ്ടപ്പാടുകൾ.

മനോവേദനയ്ക്കു് അധീനനായ പിതൃപാലകൻ വല്ല തൊഴിലും കിട്ടുമോ എന്നന്വേഷിച്ചു ഒരു ദിവസം കാവലത്തു തെരുവിലേക്ക പോയി. ഉച്ചകഴിയുന്നതുവരെ അന്വേഷിച്ചു നടന്നിട്ടും, യാതൊരു പണിയും കിട്ടിയില്ല. അതിനാൽ വളരെ

നിരാശപ്പെട്ടു അയാൾ വീട്ടിൽ തിരിച്ചെത്തി. അന്നവിടെ അത്താഴത്തിന്നു ഒരുവകയുമുണ്ടായിരുന്നില്ല.

പിതൃപാലകൻ വീട്ടിൽ എത്തിയ ഉടൻ കുട്ടികൾ മുവരും അച്ഛന്റെ അടുക്കൽ ഓടിയെത്തി, "അച്ഛാ, വിശക്കുന്നു; അമ്മയൊന്നും തരുന്നില്ല," എന്നു പറഞ്ഞു.

ഇവർ പറഞ്ഞുകഴിയും മുമ്പെ, "പാലാ," (ഇതിനെയത്രെ എല്ലാവരും പിതൃപാലകനെ സാധാരണ വിളിച്ചു വരാറുള്ളതു്) "വേഗം അത്താഴം തയാറാക്കിത്തരണം. നിന്റെ ഭാൎയ്യ, ധിക്കാരി, അധികപ്രസംഗി, അസൂയക്കാരി, അത്താഴത്തിന്നൊന്നുമില്ലെന്നും പറഞ്ഞിരിക്കുന്നു. അവളിരിക്കുന്നിടത്തു ഒന്നുമുണ്ടാകയില്ല, അസ്തമിച്ചുപോകും," എന്നു് അയാളുടെ അമ്മ സങ്കടം പറഞ്ഞു.

പിതൃ:—"അയ്യോ അമ്മേ, ഇന്നൊന്നും കിട്ടിയില്ലല്ലൊ, ഞാൻ എന്തു ചെയ്യട്ടെ."

അച്ഛൻ:—"എടാ നുണയാ! ഒന്നും കിട്ടിയില്ലെന്നോ? നീ കുറേക്കാലമായി വീട്ടുകാൎയ്യങ്ങളിൽ വേണ്ടവണ്ണം ശ്രദ്ധിക്കുന്നില്ല. നിനക്കു് സ്വകാൎയ്യ സമ്പാദ്യമുണ്ടാക്കണമെന്നാണു് മോഹം. അതുകൊണ്ടു് നീ ഇപ്പോൾ നിന്റെ ഭാൎയ്യവശം കൊടുത്തു സൂക്ഷിച്ചു പോരുകയാണു് ചെയ്യുന്നതു."

പിതൃ:—"അയ്യോ അച്ഛാ! അച്ഛൻ എന്നെ തെററിദ്ധരിക്കയാണല്ലൊ. ഒരുകാൎയ്യത്തിലും ഞാനച്ഛനോടു് കള്ളം പറഞ്ഞിട്ടില്ലല്ലൊ. കള്ളംപറയുകയില്ലെന്നു അച്ഛനു് അറിയുകയും ചെയ്യാമല്ലൊ."

അച്ഛൻ:—ഇല്ലില്ല; നീ കള്ളം പറകയില്ല. നീ സത്യം പറഞ്ഞിട്ടു ആറുസംവത്സരമായി. നിനക്കുണ്ടോ ഗുണം വരുന്നു."

അമ്മ:—"കേട്ടോന്നു; നമ്മൾ ചത്താൽ മതിയെന്നല്ലേ അവളുടെയും അവൻെറയും ആഗ്രഹം. നാം ജീവിച്ചിരിക്കുന്നതു് കൊണ്ടല്ലേ അവക്കൊന്നും തികയാത്തതു്. എടാ കുഞ്ഞെ പാലാ! നിനക്കും ഇതുതന്നെ അനുഭവം. ഞാനെന്തു പ്രയാസപ്പെട്ടാണു് നിന്നെ വളത്തിയതു്. അതുണ്ടോ ഇവളറിയുന്നു? ഞാൻ ദേഹണ്ണിച്ചതുവല്ലതും ഇവളനുഭവിക്കുന്നുണ്ടോ?

പിതൃ:—"എൻെറ അമ്മേ! അമ്മയെന്തിനാണു് വെറുതെ ഇങ്ങിനെ കോപിക്കുന്നതു്? ഞാൻ കിട്ടുന്നതെല്ലാം നിങ്ങളുടേയും ഈ കുടുംബത്തിൻെറയും പേക്കായി ചെലവാക്കുന്നുണ്ടു്. ഞാനൊന്നും സമ്പാദിച്ചിട്ടില്ല; സമ്പാദിക്കണമെന്നു വിചാരിച്ചിട്ടുമില്ല."

അച്ഛൻ:—"നീ പഠിച്ചുകൊള്ളും മകനെ! ഞാൻ സുഖമായി ഭക്ഷണം കഴിച്ചിട്ടു നാളെത്രയായി; ശരിയായി വസ്ത്രം ധരിച്ചിട്ടു കാലമെന്തായി. എന്നെപ്പോലുള്ളവർ എത്ര സുഖമായി ജീവിച്ചു പോരുന്നു. സകലവും മകൻ വളരട്ടെ, മകൻ വളരട്ടെ എന്നുവച്ചു ഞാൻ ചെലവാക്കി. നിനക്കുണ്ടോ ഗുണം വരുന്നു പാലാ!"

പിതൃ:—"ഞാൻ സകലത്തിലും പരമാത്ഥബുദ്ധിയോടെ പെരുമാറിവരുന്നുണ്ടു്. എനിക്കു ഗുണം വരുന്നില്ലെങ്കിൽ അതിശപാരമതമായിരിക്കണം. എനിക്കു് ഐശ്വര്യസമൃദ്ധമായ ഒരു ഭാവി ഉണ്ടാകുമെന്നാണു് എൻെറ

പ്രതീക്ഷ. ഇങ്ങിനെ കേൾക്കേണ്ടതു് എൻെറ ജനന സമയത്തിൻെറ ദോഷം കൊണ്ടായിരിക്കാം. അതി നാൽ കേട്ടുകൊള്ളാം."

ഏവംവിധം മാതാപിതാക്കന്മാർ വീണ്ടും പുലമ്പിക്കൊ ണ്ടിരുന്നു. പിതൃപാലകൻ ഒന്നും ഉത്തരം പറയാതെ വീണ്ടും തെരുവിലേക്ക ഇറങ്ങിപ്പോയി. ഈ സമയം അയാളുടെ ക ണ്ണിൽ നിന്നും കണ്ണുനീർ ധാരമുറിയാതെ വീണുകൊണ്ടിരുന്നു. അതോ, കണ്ണുനീരല്ലായിരുന്നു, ഒരു ജലവർഷം തന്നെ. പരുഷ വാഗ്‌വാതത്താൽ ചലിപ്പിക്കപ്പെട്ട മനോവേദനാഘമ്മങ്ങ ളിൽ നിന്നു പൊഴിഞ്ഞിട്ടുള്ള മാരിപ്രവാഹം തന്നെ.

കദനഭാരത്താൽ മുഖം കുനിച്ചു നിലത്തുനോക്കിപ്പോക വേ, നിലത്തു കിടന്ന ഒരു നാലണനാണ്ണ്യം അയാൾ കാണുമാറി ടയായി. അയാൾ അതുടനെ കുനിഞ്ഞെടുത്തുംകൊണ്ടു് സാ മാനം വാങ്ങാനായി ഒരു കടയിലേക്ക തിരിച്ചു.

ഇതുകണ്ടുംകൊണ്ടു് അല്പം അകലെനിന്ന കൌശലക്കാ രനായ ഒരു ചെറുബാലൻ അയാളുടെ അടുക്കൽ ഓടിയെത്തി, "എടൊ? എൻെറ കൈയിൽനിന്നു വീണ പണമാണതു്; വേഗം ഇങ്ങുതരു." എന്നാർത്തട്ടഹസിച്ചു. എന്നാൽ ഇതാ പ്രദേശത്തുള്ള ചെറുപ്പക്കാരുടെ കൌശലമായിരുന്നതുകൊണ്ടു പിതൃപാലകൻ കൊടുത്തില്ല. അതിനാൽ അവൻെറ പണം കൊടുക്കുന്നില്ലെന്നു പറഞ്ഞു അവൻ നിലവിളിച്ചു. ആള്ളു കളും പിതൃപാലകൻെറ ചുററും ഓടിക്കൂടി ചോദ്യം ചെയ്തു. പിതൃപാലകൻ എന്തു നാണ്ണയമാണു് നിലത്തുനിന്നും എടുത്ത തെന്നു കുട്ടിക്ക മനസ്സിലായില്ല. അതുകൊണ്ടു അവനു് കൈ മോശം വന്നുപോയതു ഒരുരുപാ നാണ്ണയമാണെന്നു കുട്ടിപറ ഞ്ഞു. പിതൃപാലകൻ നിലത്തുനിന്നെടുത്തതു് ഒരു നാലണ

യാണെന്നു അതെല്ലാവരേയും കാണിച്ചു തെളിയിച്ചു. അയാളുടെ പരമാൎത്ഥാവസ്ഥ എല്ലാപേരും ഗ്രഹിച്ചിട്ടു അയാളെ വിട്ടയക്കയും, കുട്ടിയെ ശാസിക്കയും ചെയ്തു.

പിതൃപാലകൻ ആ നാലണകൊടുത്തു അന്നത്തെ നിത്യവൃത്തിക്കു അത്യാവശ്യമുള്ള സാമാനങ്ങൾ വാങ്ങി വീട്ടിൽ കൊണ്ടുചെന്നു കൊടുക്കുകയും, ആ കുടുംബം അന്നു സുഖമായി കഴിയുകയും ചെയ്തു.

അയാൾ സാമാനവും കൊണ്ടു വീട്ടിലെത്തിയയുടനെ "കണ്ടോ, ഒന്നും കിട്ടാഞ്ഞിട്ടു അവൻ സാമാനങ്ങൾ വാങ്ങിക്കൊണ്ടു വന്നതു്. അവനിപ്പോൾ വായ് തുറന്നാൽ സത്യം സംസാരിക്കയില്ലെന്നായി," എന്നമ്മ പറഞ്ഞുതുടങ്ങി. "അമ്മേ! ഞാൻപറഞ്ഞതു സത്യമാണ്. ഇന്നൊരുപണിയും കിട്ടിയില്ല. എന്നാൽ നിങ്ങളുടെ ഭാഗ്യംകൊണ്ടു തെരുവിൽ കിടന്ന ഒരു നാലണത്തുട്ടുകിട്ടി. അതുകൊടുത്താണ് സാമാനങ്ങൾ വാങ്ങിയതു്" എന്നു പിതൃപാലകനും പ്രത്യുത്തരമായി.

"പോടാ മറയത്തു. വീണ്ടും കള്ളം തന്നെപറയുന്നോ? നീചെല്ലുന്ന ദിക്കിലൊക്കെ നാലണത്തുട്ടു കുന്നുപോലെ കിളുത്തുവരികയാണു്. മററുവല്ലവർക്കുമുണ്ടോ ഈ പൂച്ചും തട്ടിപ്പും മനസ്സിലാകുന്നു?" എന്നച്ഛനും ശകാരിച്ചു.

ഇതുകേട്ടു പിതൃപാലകൻ അത്യന്തം കുണ്ഠിതപ്പെട്ടു മൌനം അവലംബിച്ചു. തന്റെ ദുരിതാവസ്ഥയെപ്പററി ഈശ്വരനോടു കണ്ണുനീരോടെ പ്രാൎത്ഥിക്കുകയും ചെയ്തു.

# അദ്ധ്യായം ൩.

## അമ്മയുടെ മാങ്ങയ്ക്കുള്ള കൊതി.

സംഗതികൾ ഇങ്ങിനെ നടന്നുവരവെ, പിതൃപാലകൻെറ തള്ള അവളുടെ മനസ്സിൽ വളരെക്കാലമായി കുടികൊണ്ടിരുന്ന ഒരാഗ്രഹം അയാളോടു പറയുകയുണ്ടായി- അ ദ്വീപിൻെറ മദ്ധ്യഭാഗത്തുണ്ടായിരുന്ന ഒരു ഘോരവനത്തിൽ അതി വിശിഷ്ടമായ ഒരു തേന്മാവു നിന്നിരുന്നു എന്നു അ ദ്വീപിൽ പറഞ്ഞുവന്നിരുന്നു. ആ മാവിൽ എപ്പോഴും മാങ്ങ ഉണ്ടായിരിക്കുമെന്നും ആ ദ്വീപുവാസികൾ വിശ്വസിക്കയും ചെയ്തുപോന്നു. ആ മാവിൽനിന്നു ഒരു മാങ്ങാ കൊണ്ടുചെന്നു കൊടുക്കേണമെന്നായിരുന്നു ആ വൃദ്ധമാതാവു ഇപ്പോൾ ആവശ്യപ്പെട്ടതു്. എന്തുകൊണ്ടെന്നാൽ മരണത്തിനല്പം മുമ്പു ആ മാങ്ങയിലൊന്നു ഭക്ഷിക്കുന്നതു വളരെ പുണ്യമായിരിക്കുമെന്നും, അങ്ങിനെ ഭക്ഷിപ്പാൻ സാധിക്കുന്നവൎക്കു് നിശ്ചയമായി സ്വൎഗ്ഗപ്രാപ്തി ഉണ്ടാകുമെന്നുംമററും ഒരു വിശ്വാസം ആ ദ്വീപിൽ പ്രചരിച്ചിരുന്നതുകൊണ്ടായിരുന്നു പ്രതിദിനം അതിശീഘ്രം ശവക്കുഴിയോടു സമീപിച്ചുകൊണ്ടിരുന്ന ആ വൃദ്ധ ഇപ്രകാരം തൻെറ ഏകപുത്രനോടു അപേക്ഷിച്ചതു്. ഒരു മാവിൽനിന്നു ഒരു മാങ്ങ പറിച്ചുകൊടുക്കുന്നതു അത്ര പ്രയാസമുള്ള ഒരു കാൎയ്യമാണോ? അല്ല, അതു നിരവധി വിഷമതകളും, അപകടങ്ങളും കൊണ്ടു നിറഞ്ഞിരുന്ന ഒരു ഉദ്യമമായിരുന്നു. എന്തുകൊണ്ടെന്നാൽ ഏകദേശം ഒരു നൂററിയമ്പതു മൈൽ നീളവും നൂറുമൈൽ വീതിയും ഉണ്ടായിരുന്ന ആ വനം വളരെ വിസ്തീൎണ്ണമായിരുന്നു എന്നു പറയേണമെന്നില്ലല്ലോ. അതു വിവിധ

ഭാഗത്തു നീണ്ടും ചരിഞ്ഞും, വളഞ്ഞും പുളഞ്ഞും, പൊങ്ങിയും താണും കിടന്നിരുന്ന അനവധി കുന്നുകളോടും മേട്ടുകളോടും താഴ്വരകളോടും, തടങ്ങളോടും കൂടിയതുമായിരുന്നു. ഈച്ചയ്ക്കുപോലും കടന്നുപോവാൻ ഇടയില്ലാത്തവിധം അതിനിബിഡമായ കാട്ടുംപുല്ലുംകൊണ്ടു ഇവ മൂടിയിരുന്നു. മുമ്പോട്ടു പോകുന്ന ഒരാൾ ഈ കാട്ടിൽ തെളിച്ചുണ്ടാക്കുന്ന വഴി അല്പദിവസങ്ങൾക്കുള്ളിൽ ഇത്തുന്ന് പോകത്തക്കവണ്ണം അവ അത്രവേഗം വളൎന്നുകൊണ്ടുമിരുന്നു. മുമ്പോട്ടുപോകുന്ന ഒരാൾ ചുററിത്തിരിഞ്ഞു വീണ്ടുംവീണ്ടും പുറപ്പെട്ട സ്ഥലത്തുതന്നെ വന്നുചേരുമാറു അത്ര കുഴപ്പനിലയിലായിരുന്നു ആ മലകളുടേയുംമററും കിടപ്പ്. അവിടെയുള്ള മൈതാനങ്ങളിലും താഴ്വരകളിലും അനേകം ചതുപ്പുസ്ഥലങ്ങൾ ഉണ്ടായിരുന്നു. ഈ ചതുപ്പുനിലങ്ങൾ പുല്ലുകൊണ്ടുമൂടിയവയും അല്പം കട്ടിയുള്ള ഉപരിതലത്തോടുകൂടിയവയും കാഴ്ചക്കാൎക്കു അവയുടെ യഥാൎത്ഥാവസ്ഥ ഗ്രഹിപ്പാൻ വകകൊടുക്കാത്തവയുമായിരുന്നു. എന്നാൽ നടന്നുപോകുന്ന ഒരാൾ പൊടുന്നനവെ അവയിൽ താണു മുതിയടയുമാറു അവയൊരു കുടുക്കായി വൎത്തിച്ചു. ആ കാട്ടിൽ ജനിച്ചുവളൎന്ന് സ്ഥലംനല്ലപോലെ പരിചയിച്ചിരുന്ന മൃഗങ്ങൾപോലും ഈ ചതുപ്പുസ്ഥലങ്ങളിൽ താണ് ചത്തുപോയിട്ടുണ്ട്.

ഈ മലയിൽ മുഴുവൻ ആനയെപ്പിടിപ്പാനുണ്ടാക്കുന്ന കുഴിപോലുള്ള കുണ്ടുകൾ ഉണ്ടായിരുന്നു. പുല്ലുംവള്ളികളും കരിയിലയുംകൊണ്ടു മൂടിയിരുന്നതിനാൽ ഒരുവനും അപകടത്തിൽ പതിക്കുന്നതിനുമുമ്പായി ആ കുഴികൾ മിക്കതും കണ്ടുപിടിക്കയെന്നതു സുസാദ്ധ്യമായിരുന്നില്ല. അത്രയുമല്ല ശ്വാസനമാത്രയിൽ അനേകം ജീവികളെ യമലോകത്തിലേക്കു യാത്ര അയപ്പാൻ ത്രാണിയുണ്ടായിരുന്ന വിഷവായുക്കൾ ചിലപ്പോൾ

പൊട്ടുന്നനവെ ചില കുഴികളിൽനിന്നും പുറപ്പെട്ടുവരാറുണ്ടായിരുന്നു. ഈ വിഷവായുക്കൾ തട്ടുന്ന ചെടികൾപോലും വാടിക്കരിഞ്ഞുപോകും.

വിശേഷതരത്തിലുള്ളവയായിരുന്നു ഈ കാട്ടിലെ ഗുഹകൾ. അവയിൽ പ്രവേശിക്കുന്ന ഒരുവന് ഒരു ഗുഹയിലേക്കാണു കടന്നുപോകുന്നതെന്നു ധരിപ്പാൻ മാൎഗ്ഗമുണ്ടായിരുന്നില്ല. ഒടുവിൽ അവകളിൽനിന്ന് തിരിച്ചുപോവാൻ പ്രയാസമായിത്തീൎന്ന് അവനതിൽ കിടന്നു കാലഗതി പ്രാപിക്കയും ചെയ്യും.

ഈ കാട്ടിൽ കടുവാ, കരടി, ആന, കാട്ടുപോത്ത്, നീൎകുതിര, കാണ്ടാമൃഗം ആദിയായ ദുഷ്ടമൃഗങ്ങൾ സ്വൈരമായി വിഹരിച്ചിരുന്നു. ആ കാട്ടിൽ കാണപ്പെടാത്തതായി വിഷസൎപ്പങ്ങൾ വേറെ വല്ലതും ഉണ്ടായിരുന്നു എന്നു തോന്നുന്നില്ല. തക്ഷകൻ, കാൎക്കോടകൻ, വാസുകി മുതലായ സൎപ്പശ്രേഷ്ഠന്മാരുടെ സന്തതികൾ മൂൎക്കൻ വെള്ളൻ, അണലി, മണ്ഡലി, കരിവഴല മുതലായവ അവിടെ ലക്ഷക്കണക്കിനുണ്ടായിരുന്നു. എല്ലാററിനും മേലായി, അവിടെയുണ്ടായിരുന്ന പൈശാചികഗണങ്ങളായിരുന്നു അധികം ഭയജനകമായിരുന്നവ. കാളി, കൂളി, യക്ഷി, ഗന്ധൎവ്വൻ, ജിന്ന് മുതലായ ദുഷ്ടസേനകൾ അവയുടെ ഭയങ്കരശബ്ദങ്ങൾ ആ വനത്തിലെങ്ങും മാറെറാലിക്കൊള്ളുമാറു അലറിക്കൊണ്ടു രാപ്പകൽ ഭേദമെന്യേ സഞ്ചരിച്ചുവന്നു. മാണ്ഡാ കരസ്ഥമാക്കേണ്ടതിനു ഇപ്രകാരം അപകടസംപൂൎണ്ണമായ ഒരു വനത്തിൽകൂടി അയാൾക്കു യാത്രചെയ്യേണ്ടിയിരുന്നു.

ഈ ആപത്തുകളെപ്പററി ചിന്തിക്കുംതോറും പിതൃപാലകൻെറ ഹൃദയം ഭയംകൊണ്ടു നിറഞ്ഞു. തനിക്കു മുമ്പായി ധനവാന്മാരും ബലവാന്മാരും, സമൎത്ഥന്മാരുമായ അനവധി യു

വാക്കന്മാർ മാകന്ദസാമീപ്യപ്രാപ്ത്യാർത്ഥം പുറപ്പെട്ടുപോയിട്ടുണ്ടായിരുന്നെങ്കിലും, അവരിലൊരുവനും അഗ്രഹം സാധിച്ചോ, അല്ലാതെയൊ തിരിച്ചുവന്നതായി കേട്ടിരുന്നില്ല. ഈ അറിവു പിതൃപാലകനെ കണക്കില്ലാതെ അധൈര്യപ്പെടുത്തി. താൻ മരിച്ചുപോയാൽ തന്റെ കുടുംബത്തിന്റെ സ്ഥിതി എന്തായിരിക്കും? വൃദ്ധരായ മാതാപിതാക്കളെ ആരു സംരക്ഷിക്കും? നിസ്സഹായരായ കുഞ്ഞുങ്ങളെ ആരു ത്രാണനം ചെയ്യും? തുണയററ കളത്രത്തെ ആരു സഹായിക്കും? ഈ വിധം ചിന്തകൾ അയാളുടെ മനസ്സിൽ നീറിക്കൊണ്ടിരുന്നു. അതേ സമയംതന്നെ പിതാക്കളുടെ നേക്ക് ഒരു മകനുള്ള ചുമതലയുടെ ബോധം മനസ്സിന്റെ വേറൊരു ഭാഗത്തു ഉദിച്ചുപൊങ്ങി; മാങ്ങാ പറിച്ചുകൊണ്ടുവന്ന് അമ്മയുടെ അഗ്രഹം നിവർത്തിച്ചുകൊടുക്കണമെന്നുള്ള ചിന്ത ഒരിക്കൽ; ഒരിക്കലും പാടില്ല, പോയാൽ മരണം നിശ്ചയം എന്നു വേറൊരിക്കൽ; ഒരു പുത്രൻ പിതൃക്കളുടെ കാംക്ഷ സാധിച്ചുകൊടുക്കന്നില്ലെങ്കിൽ അവൻ താതന്റെ മലം എന്നുള്ള വിചാരം ഒരു സമയം; താൻ മരിച്ചാൽ അവരും പട്ടിണികിടന്ന് മരിക്കും എന്നുള്ള വിചാരം വേറൊരുസമയം. ഇപ്രകാരമുള്ള ചിന്താശകലങ്ങൾ എപ്രകാരം അയാളെ വിഷമിപ്പിച്ചു എന്നു പറഞ്ഞറിയിപ്പാൻ പ്രയാസം. ചുരുക്കിപ്പറഞ്ഞാൽ അമ്മയുടെ അഗ്രഹം എന്തിന്നെങ്കിലും സാധിച്ചുകൊടുക്കേണ്ടതു തന്റെ അപരിത്യാജ്യമായ ചുമതലയാണെന്നുള്ള ഒരു ശൃംഖല മുമ്പോട്ടും, കുടുംബത്തിന്റെ ഭാവിസ്ഥിതി എന്തായിരിക്കുമെന്നുള്ള വേറൊരു ശൃംഖല പിമ്പോട്ടും അയാളെ വലിച്ചു. ഈ രണ്ടു ഭിന്നവിചാരപരമ്പരകൾക്കിടയിൽ ഒന്നും തീച്ചപ്പെടുത്താതെ കിടന്ന പിതൃപാലകൻ നേരം കഴിഞ്ഞു. ഒടുവിൽ ധർമ്മബോധം അയാളെ ജയിച്ചു. മാതാവിന്റെ അഗ്രഹം നിവർത്തിച്ചുകൊടുത്തു് അവരെ മോക്ഷലോകത്തേക്ക് അയ

ക്കേണ്ടതു് തന്റെ പ്രധാന ചുമതലയാണെന്നും, അതിനാൽ അതിനായുള്ള ഉദ്യമത്തിൽ തനിക്കു് യാതൊരു ഹാനിയും വരില്ലെന്നും, അഥവാ വല്ലതും വന്നാൽതന്നെയും കുടുംബത്തെയും തന്നെയും പരിപാലിച്ചു പോരുന്നവനും താൻ പരമാത്മമായി ആരാധിച്ചുപോരുന്നവനും ആയ ഭഗവാൻ കുടുംബകാര്യങ്ങൾ യഥാവിധി നടത്തി കുടുംബാംഗങ്ങളെ ത്രാണനം ചെയ്തു കൊള്ളുമെന്നും നിശ്ചയിച്ചുറച്ചിട്ടു് മാണ്ഡവ്യായി ഇരുട്ടടഞ്ഞ കാന്താരമദ്ധ്യത്തിലേക്കു പോകാമെന്നു പിതൃപാലകൻ തീർച്ചപ്പെടുത്തി.

അയാൾ തിരികെ വരുന്നതുവരെ വീട്ടുചെലവിനുള്ളവകയുണ്ടാക്കി വയ്ക്കേണ്ടിയിരുന്നതിനാൽ അയാൾക്കുടൻ പുറപ്പെട്ടുപോകുന്നതിനു് സാധിച്ചില്ല. ഓരോദിവസവും ഈ കൂലിക്കാരനു് കിട്ടിവന്നിരുന്ന കൂലി അന്നന്നത്തെ ചെലവിനു മാത്രമെ ഉണ്ടായിരുന്നുള്ളു. അതുകൊണ്ടു യാതൊന്നും സമ്പാദിച്ചുവെക്കാൻ അയാൾക്കു കഴിഞ്ഞിരുന്നില്ല. ഈ സ്ഥിതിക്കു മാതൃനിയോഗ പ്രേരിതനായ ഈ പുത്രൻ രാത്രിയിൽ വേല അന്വേഷിച്ചു തുടങ്ങി. അയാളുടെ ഉദ്ദേശം വിശിഷ്ടമായിരുന്നതിനാൽ ഈശ്വരനും അയാളെ കടാക്ഷിച്ചു, താമസംവിനാ അയാൾക്കു രാവേലകിട്ടി. അതിനു് ഇരട്ടിക്കൂലിയും ഉണ്ടായിരുന്നു. ഈ കൂലി അയാൾ വാങ്ങി ഭാര്യയെ ഏല്പിച്ചു. കുറേ ദിവസം ഇങ്ങിനെ വേലചെയ്തപ്പോഴേക്കും അയാൾ നന്നാക്ഷീണിച്ചുവശായി, എങ്കിലും കുടുംബത്തിനു ഏകദേശം ഒരു മാസത്തെ ചെലവിനു വകയുണ്ടായി.

ഉടനേതന്നെ പിതൃപാലകൻ വനത്തിലേക്കു് തിരിച്ചു. അയാൾ ഒരു നീണ്ടവടിയും ഒരു പുതപ്പും, ഒരു കുപ്പിയിൽ വെള്ളവും മാത്രമെ കൊണ്ടുപോയിരുന്നൊള്ളു. ദുഷ്ടസേന

യിൽ നിന്നും രക്ഷ പ്രാപിപ്പാൻ അയാളൊന്നും കരുതിയിരുന്നില്ല. എന്നാൽ വനത്തിൻെറ പ്രാന്തപ്രദേശങ്ങളെ പ്രാപിച്ചിട്ടു അയാൾ മൂന്നുദിവസം ഉപവാസത്തിലും വ്രതാനുഷ്ഠാനത്തിലും ജപാദികളിലും കഴിച്ചുകൂട്ടി, തന്നെപ്പരിപാലിച്ചു തൻെറകാൎയ്യാദികളെ നടത്തിക്കൊണ്ടു പോരുന്ന ആ ഭഗവാനായിക്കൊണ്ടുതന്നെ തന്നെ സമൎപ്പിച്ചു. ഇപ്രകാരമുള്ള പ്രത്യേക സമൎപ്പണാനന്തരം ഈശ്വരവിശ്വാസമാകുന്ന ഭടച്ചട്ടധരിച്ചു് താൻ മുമ്പോട്ടു യാത്രചെയ്തു. അയാളുടെ യാത്ര വളരെ അപകടമുള്ളതായിരുന്നു. ക്രൂരജന്തുക്കളും പൈശാചിക ഗണങ്ങളും പലപ്പോഴും അയാളുടെ ഗതിയെ നിരോധിക്കയും വഴിയിൽ കാണപ്പെട്ട സൎപ്പങ്ങൾ ചീറിടിക്കൊണ്ടു അവയുടെ പത്തിവിടൎത്തി കാണിക്കയുംചെയ്തു എന്നുവരികിലും അവയെല്ലാംവേഗം ഓടിക്കാട്ടുകൾക്കിടയിൽ മറഞ്ഞുകളകയാണുണ്ടായതു്. ഒന്നിനും അയാളുടെ അടുത്തുചെല്ലുന്നതിനൊ, അയാളെ ഉപദ്രവിക്കുന്നതിനൊ കഴിഞ്ഞില്ല. മാംസചക്ഷുസ്സുകൾക്കു വിഷയീഭൂതമല്ലാത്ത ഒരു ദിവ്യസത്വം അയാളെ സംരക്ഷിക്കുന്നതുപോലെ അവയ്ക്കുതോന്നി, അവ അയാളിൽനിന്നു ദൂരെ ഗമിച്ചു. നിബിഡമായി വളൎന്നിരുന്ന കാട്ടിനിടയിൽ പലപ്പോഴും വഴിച്ചാലുകൾ അയാൾക്കു ദൃശ്യമായി. അവയിൽക്കൂടിഅയാൾ മുമ്പോട്ടു ഗമിച്ചു. ഇപ്രകാരം മൂന്നുദിവസം പ്രയാണംചെയ്തു പിതൃപാലകൻ തേന്മാവിൻെറ സമീപത്തെത്തി.

ഈ വനത്തിൽ മാംസഭോജിയായ ഒരു തരം വൃക്ഷമുണ്ടായിരുന്നു. ഈ വൃക്ഷത്തിനു് പന്ത്രണ്ടു അടിയിൽ കൂടുതൽ പൊക്കമുണ്ടായിരുന്നില്ല. ഇതിൻെറ ഇലയ്ക്കു എട്ടടി നീളവും അരയടി വീതിയും അരഇഞ്ചു് ഘനവുമുണ്ടായിരുന്നു. ഇലയുടെ അടിവശത്തു ധാരാളം സുഷിരങ്ങളും, ഓരോ സുഷിരത്തിലും പൂച്ചയുടെ നഖം അതിൻെറ കൈയുറയിൽ എന്ന

പോലെ ഒളിച്ചിരുന്ന ഓരോ വിഷമുള്ളും കാണപ്പെട്ടിരുന്നു. വൃക്ഷത്തിന്റെ കൊമ്പുകൾ കണ്ണക്കെ ചുററും വളഞ്ഞുനിന്നിരുന്ന ഈ ഇലകൾ മന്ദമാരുത ചലനത്താൽ എന്നപോലെ സദാ ആടിക്കൊണ്ടിരുന്നു. ജീവനുള്ള എന്തെങ്കിലും അവയോടടുത്തുചെന്നാൽ ഇലകൾ മെല്ലെ വളഞ്ഞുചെന്നു അതിനെ ചുററിപ്പിടിക്കയും അസംഖ്യം കൂർത്തമുള്ളുകൾ ദേഹത്തിൽ കുത്തിയിറക്കിക്കൊല്ലുകയും ചെയ്യുവന്നു. മരണഹേതുകമായ ഈ പരിരംഭണേത്തിൽ നിന്നു് തന്നെത്താൻ വേർപെടുത്തുവാൻ യാതൊരു ജീവിക്കും സാധിക്കുന്നതല്ല. എന്തെന്നാൽ ഈ ഇലകൾ ഒരിക്കലും വൃക്ഷത്തിൽനിന്നു അടന്നുപോകയോ പറിഞ്ഞുപോകയോ ചെയ്തിരുന്നില്ല. മൂർച്ചയുള്ള ആയുധം കൊണ്ടു വെട്ടിയാലും അവയെ വേർപെടുത്തുവാൻ എളുപ്പം സാധിച്ചിരുന്നില്ല.

ഇത്തരം വൃക്ഷങ്ങൾ ഒരു മതിൽകണക്കേ തേന്മാവിനെ ചുററിനിന്നിരുന്നു. അവയ്ക്കിടയിൽകൂടി കടന്നുപോവാൻ ഉദ്യമിച്ച സകലജീവികളും കാലനഗരത്തിലേക്കുയാത്രതിരിക്കേണ്ടിവന്നു. മരണകാരണമായ ഈ മതിൽ കടന്നുപോകേണ്ട ഘട്ടത്തിൽ പിതൃപാലകൻ എത്തി.

ഈ വൃക്ഷത്തിൻെറ ഘാതകവൃത്തിയെപ്പററി അയാൾ യാതൊന്നും അറിഞ്ഞിരുന്നില്ല. അതിനാൽ ഒന്നും ശങ്കിക്കാതെ അയാൾ മുമ്പോട്ടടുത്തു. ആ സന്ദർഭത്തിൽ "സൂക്ഷിക്കുക; അല്ലെങ്കിൽ മരണം നിശ്ചയം," എന്നൊരു അശരീരിവാക്കുകേട്ടതായി അയാൾക്കുതോന്നി. തൽസമയംതന്നെ വൃക്ഷങ്ങളുടെ ചുവട്ടിൽ അനേകതരം ജീവികളുടെ അസംഖ്യം അസ്ഥിക്കൂടങ്ങൾ കൂടിക്കിടക്കുന്നതുകണ്ടു്, അയാൾ അന്ധാളിച്ചു, ഭയം അത്യുഗ്രതരമായി അയാളുടെ മനസ്സിനെ ബാധിച്ചു,

ശരീരം കിടുകിടാ വിറച്ചു, എന്തുചെയ്യേണ്ടു എന്നറിയാതെ ഈ ഭക്തൻ മിഴിച്ചു, പലപലവിചാരങ്ങൾ മാറിമാറി അയാളുടെ ഹൃദയത്തിലുദിച്ചു, അവ അയാളെ മുമ്പോട്ടും പിമ്പോട്ടുംവലിച്ചു. ഒടുക്കം താൻ ആരിൽ തൻെറജീവനെ മുഴുവൻസമർപ്പിച്ചുവോ, ആ ഈശ്വരൻ സംശയമെന്യെ യാതൊരു ഭംഗവുംകൂടാതെ തന്നെ സൂക്ഷിച്ചു കൊള്ളുമെന്നുള്ള വിശ്വാസത്താൽ മുമ്പോട്ടു പോവാനായി അയാൾ ഉറച്ചു; എങ്കിലും മുൻഭാഗത്തു നിന്ന വൃക്ഷങ്ങളെ നോക്കിക്കൊണ്ടു കുറെ സമയം അവിടെത്തന്നെ അയാൾ നിലകൊണ്ടു. ആ വൃക്ഷങ്ങളിൽ വല്ല ദുഷ്ടഭൂതവും വസിക്കുന്നുണ്ടായിരിക്കുമെന്നത്രെ അയാൾ വിചാരിച്ചതു്.

അങ്ങിനെ നോക്കിക്കൊണ്ടു നില്ക്കവേ തേന്മാവിൻെറ തളിരു ഭക്ഷിപ്പാനായി പറന്നുവന്ന ഒരു കുയിൽ ഒരു വൃക്ഷത്തിൻെറ ഇലയിൽ കുടുങ്ങി നശിക്കുന്നതു അയാൾ കണ്ടു.

ഇങ്ങിനെ ആ വൃക്ഷത്തിൻെറ ക്രൂരസ്വഭാവം മനസ്സിലാകയാൽ അയാൾ അത്യന്തം ഭയപ്പെട്ടു എങ്കിലും തൻെറ പൂർവ്വനിശ്ചയത്തിൽ നിന്നു വ്യതിചലിപ്പാൻ മനസ്സ് അയാളെ അനുവദിച്ചില്ല. എങ്ങിനെയെങ്കിലും ആ മതിൽകടന്നു മാങ്ങ കരസ്ഥമാക്കണമെന്നുള്ള ചിന്ത സദാ ഹൃദയത്തിൽ പൊങ്ങിക്കൊണ്ടിരുന്നു. വല്ലിടത്തും ഏതെങ്കിലും പഴുതുണ്ടോ എന്നു പരിശോധിച്ചു് അയാൾ അതിസൂക്ഷ്മത്തോടെ ചുററും നടന്നു, തെക്കപടിഞ്ഞാറേക്കോണിൽ ചെന്നപ്പോൾ വേറൊരു വിശേഷസംഭവം അയാളുടെ ദൃഷ്ടിക്കു ഗോചരമായി. ആ മൂലയ്ക്കു ഈ വൃക്ഷങ്ങളിൽ നിന്നു കുറെ ദൂരെയായി വേറൊരുതരം വൃക്ഷം നില്പുണ്ടായിരുന്നു. അതു സാധാരണ വൃക്ഷംപോലെ നിബിഡമായ ശിഖരങ്ങളോടും, ശിഖരങ്ങൾ തിങ്ങി പച്ചിലകളോടും കൂടിയതായിരുന്നു. അതിൻെറ ഇലയ്ക്കു

കാൽത്രുപ്പായുടെ ആകൃതിയും വലിപ്പവും കാണപ്പെട്ടു; അതിന്റെ പുഷ്പം ഹിമം പോലെ വെണ്മയും, കസ്തൂരിപോലെ സൌരഭ്യവും വഹിച്ചിരുന്നു. അതിന്റെ പകം കോതമ്പുമണിയുടെ ആകൃതിയിലും വലിപ്പത്തിലും ഓരോ നേരിയ നീണ്ട ഞെട്ടിൽ തൂങ്ങിക്കിടന്നിരുന്നു. അവയ്ക്കു ചെറുതേനിന്റെ സ്വാദും ഉണ്ടായിരുന്നു, ഈ വൃക്ഷത്തിൽ പ്രാവു, കുയിൽ, മൈനാ മുതലായ അനേകതരം പക്ഷികൾ സസുഖം വസിച്ചു്, സന്തോഷസമേതം പാടിക്കൊണ്ടിരുന്നു. ചില പക്ഷികൾ ഈ പുഷ്പം കൊത്തിക്കൊണ്ടു മാംസഭോജിയായ വൃക്ഷത്തിൽ ചെന്നിരിക്കുന്നതും, അപ്പോൾ ആ വൃക്ഷത്തിന്റെ, വളഞ്ഞു് ആടിക്കൊണ്ടിരുന്ന പത്രങ്ങൾ ജീവനില്ലാത്തവ എന്നപോലെ, അഥവാ മാന്ത്രികശക്തികൊണ്ടു എന്നു തോന്നുമാറു് തളൎന്നു വീഴുന്നതും സൂക്ഷ്മദൃക്കായ പാലകൻ കണ്ടു, അല്പം കഴിഞ്ഞു പക്ഷികൾ പുഷ്പം താഴെ ഇടുകയും ഇലകൾ സാവധാനത്തിൽ പൊങ്ങിവന്നു അവയെ പിടിപ്പാൻ ഉദ്യമിക്കുമ്പോൾ പറന്നു കളകയും ചെയ്തു. ഇതു തന്നെ ഉൾപ്രവേശനത്തിനുള്ള മാൎഗ്ഗമെന്നു നമ്മുടെ കഥാനായകൻ മനസ്സിലാക്കി.

പിതൃപാലകൻ തൽക്ഷണം വൃക്ഷത്തിന്റെ ചുവട്ടിൽ ചെന്നു്, വീണുകിടന്ന പുഷ്പങ്ങൾ പെറുക്കിയെടുത്തു ഒരു മകുടമുണ്ടാക്കി തലയിലും, മാലകൾ കോൎത്തു അരയിലും കഴുത്തിലും കൈകാലുകളിലും അണിഞ്ഞു്, രാക്ഷസവൃക്ഷത്തിന്റെ നേൎക്കു നടന്നു. ഹ! എന്തൊരത്ഭുതം, ആ വൃക്ഷങ്ങളുടെ ഇലകൾ അയാൾ അടുത്തുചെല്ലുന്തോറും തീയിലെന്നപോലെ വാടിത്തളൎന്നു വീണു. പിതൃപാലകൻ ഇങ്ങനെ ആപത്തേശാതെ വളപ്പിനകത്തു കടന്നു.

അ സമയത്തു മനുഷ്യന്റെ ആകൃതിയും പക്ഷിയെപ്പോലെ ചിറകും ഉണ്ടായിരുന്ന ഒരു ജീവി മന്ദസ്മിതത്തോടെ അയാളെ എതിരേറ്റു്, "ശുദ്ധാത്മാവേ! വന്നാലും തേന്മാവിൻകനികളെ ഭക്ഷിച്ചാലും," എന്നഭിവാദ്യം ചെയ്തു. വീണ്ടും ആ സത്വം തുടൎന്നുപറഞ്ഞു:—ഞാനീ തേന്മാവിന്റെ ഉടമസ്ഥനായ സിദ്ധനാൽ ഇതു കാത്തു പരിപാലിപ്പാനായി നിയോഗിക്കപ്പെട്ടിരിക്കയാണു്. നിങ്ങളെപ്പോലെ ഈ വളപ്പിനുള്ളിൽ പ്രവേശിക്കുന്ന ചുരുക്കം ചിലൎക്കു് ഇതേസ്സംബന്ധിച്ചുള്ള ചില രഹസ്യങ്ങൾ വെളിപ്പെടുത്തിക്കൊടുപ്പാനും കല്പനയുണ്ടു്. അതുകൊണ്ടു കേട്ടാലും. നിങ്ങൾ വെളിയിൽ കണ്ട വൃക്ഷം സുകൃതതരുവാണു്. തങ്ങളുടെ കൎത്തവ്യകൎമ്മങ്ങളെ യഥാവിധി നിറവേറ്റുന്നവൎക്കും, തങ്ങളുടെ ഹൃദയത്തെ പാവനമാക്കി വച്ചുകൊണ്ടിരിക്കുന്നവൎക്കും, തങ്ങളുടെ ജീവിതം ഈശ്വരാജ്ഞാനുസരണം നയിക്കുന്നവൎക്കും മാത്രമേ ആ വൃക്ഷത്തേയും സൽപ്രവൃത്തികളുടെ ചിഹ്നമായ ആ പക്ഷികളേയും ശരിയായി കാണ്മാൻ സാധിക്കുകയുള്ളു അഹങ്കാരം, അസൂയ, പരോപദ്രവം, ക്രൂരത, പരനിന്ദ ആദിയായ ദുഷ്ടകൎമ്മങ്ങൾ ചെയ്യുന്നവൎക്കു് ഈ വൃക്ഷംകൊണ്ടു് യാതൊരു പ്രയോജനവുമില്ല. സുകൃതമുള്ളവർ സുകൃതപുഷ്പം അണിഞ്ഞിരുന്നാൽ ദുഷ്ടസേനകൾക്കു് അവരെ ഉപദ്രവിപ്പാൻ സാധിക്കയില്ല എന്നും, സദുദ്ദേശം എപ്പോൾ സൽപ്രവൃത്തികളിൽ നിന്നു് ഭിന്നമായിപ്പോകുന്നുവോ, അപ്പോൾ ആ സൽപ്രവൃത്തികൾ ദുഷ്ടതയാൽ ഗ്രസിക്കപ്പെടുമെന്നുമത്രെ പുഷ്പംകൊണ്ടുള്ള പക്ഷികളുടെ കളിയിൽനിന്നും മാംസഭോജിയായ വൃക്ഷത്തിൽനിന്നും തെളിയുന്നതു്. അതിനാൽ ഈ തത്വം നല്ലപോലെ മനസ്സിലാക്കി അധികമധികം ഉത്തമനായി ജീവിപ്പാൻ തുടങ്ങുക. നിങ്ങളുടെ ഭാവി സൎവ്വപ്രകാരേണയും മംഗ

ളമായിരിക്കും. അഥവാ നിങ്ങൾക്കു വല്ല വിഷമതകളും നേരിട്ടാലും നിങ്ങൾക്കെന്നും സമാധാനവും ഈശ്വരാശ്രയവും ഉണ്ടായിരിക്കും.

ഇപ്രകാരം പറഞ്ഞിട്ടു് ആ പത്രിനരൻ പിതൃപാലകനെ തേന്മാവിൻചുവട്ടിൽ കൂട്ടിക്കൊണ്ടുപോയി അയാൾക്കും അയാളുടെ വീട്ടിലുള്ളവൎക്കും ഓരോ മാങ്ങവീതം കണക്കാക്കി ഏഴുമാങ്ങാ പറിച്ചു കൊടുത്തു. അനന്തരം അനുഗ്രഹിച്ചിട്ടു അയാളെ യാത്രയാക്കി. അയാൾ വന്നവഴി യാതൊരാപകടവും തട്ടാതെ തിരിച്ചുപോരുകയും ചെയ്തു.

## അദ്ധ്യായം ൫.

---

### വൃദ്ധസന്ദൎശനം.

പിതൃപാലകൻ സന്തോഷത്തോടെ വീട്ടിലേക്കു തിരിച്ചു. വഴിയിൽ യാതൊരപകടവും ഉണ്ടായില്ല. ദുഷ്ടജന്തുക്കൾ ഇപ്പോൾ പിതൃപാലകനെക്കണ്ടു വിരണ്ടോടി, വിഷസൎപ്പങ്ങൾ തലതാഴ്ത്തി; ഭൂതസഞ്ചയങ്ങൾ കിടുകിടാ വിറച്ചു. അയാൾ മൂന്നുദിവസം യാത്രചെയ്തു കാന്താരപരിസരങ്ങളിലെത്തി. മുൻ ചെയ്തതുപോലെ അവിടെ അവൻ രണ്ടുദിവസം താമസിച്ചു് നന്ദിസൂചകമായി ഈശ്വരനെ സ്തുതിച്ചു. അനന്തരം അയാൾ അവിടെ നിന്നു് പുറപ്പെട്ടു് അധികം ദൂരെ ചെല്ലുന്നതിനു മുമ്പു ഒരാൽത്തറയിൽ ഒരു വൃദ്ധൻ അന്ത്യവായു വലിച്ചു അവശതയോടെ കിടക്കുന്നതു അയാളുടെ ദൃഷ്ടിക്കു

വിഷയീഭവിച്ചു. ഈ വൃദ്ധന് ഏകദേശം എണ്പതിൽപരം വയസ്സ് തോന്നിച്ചിരുന്നു. ശരീരം നന്നാ ക്ഷീണിച്ചും മാംസം ക്ഷയിച്ചും, തൊലി ഞുളിഞ്ഞും, കണ്ണ് കുഴിഞ്ഞും, അയാൾ മഹാ പ്രാകൃതമായ ഒരു സ്ഥിതിയിലായിരുന്നു കിടന്നിരുന്നത്. അയാളുടെ മുഖത്തു ഒരു വിശിഷ്ടതേജസ്സു മങ്ങിപ്രകാശിച്ചു. ദേഹം ശുചിയായിരുന്നു എങ്കിലും അയാളുടെ വസ്ത്രം കീറിപ്പറിഞ്ഞ തുണ്ടുകളായിരുന്നു. ആ വൃദ്ധൻ ആ കൽത്തറയിൽ കിടന്നു അങ്ങോട്ടുമിങ്ങോട്ടും ഉരുളുകയും അതിദീനസ്വരത്തിൽ ഞരങ്ങുകയും ചെയ്തതു് പ്രകൃത്യാ ദീനാനുകമ്പിയും, ദുഃഖാനുഭവങ്ങളാൽ ആർദ്രമനസ്കനും യഥാർത്ഥ ഈശ്വരവിശ്വാസിയുമായ പിതൃപാലകൻ കണ്ടിട്ട അയാളുടെ മനസ്സലിഞ്ഞു കണ്ണിൽ നിന്നു കണ്ണുനീർ ചൊരിഞ്ഞു. അയാളുടൻ അടുത്തു ചെന്നു അദ്ദേഹത്തെ തലോടി. അല്പസമയം കഴിഞ്ഞപ്പോൾ വയസ്സൻ കണ്ണു തുറന്നു "വെള്ളംവെള്ളം" എന്നുനിലവിളിച്ചു. ഉടനെ പിതൃപാലകൻ തന്റെ കൈവശം കുപ്പിയിലുണ്ടായിരുന്ന വെള്ളം അല്പാല്പമായി വായിലൊഴിച്ചുകൊടുത്തു. ജലപാനത്താൽ ആശ്വാസം പ്രാപിച്ചവനെന്നപോലെ അദ്ദേഹം അടങ്ങിക്കിടന്നു്, "മകനെ കുഞ്ഞിനെ ഈശ്വരൻ അനുഗ്രഹിക്കട്ടെ" എന്നാശീർവദിച്ചു. അനന്തരം "കുഞ്ഞിന്റെ ഭാണ്ഡത്തിലുള്ള സാധനം എന്താണു്?" എന്നു ചോദിച്ചു.

പിതൃപാലകൻ:—"മാങ്ങയാണു്"

വൃദ്ധൻ:—"ഇപ്പോൾ മാങ്ങ എവിടെ നിന്നു കിട്ടി?"

പിതൃ:—"നമ്മുടെ വനത്തിലെ തേന്മാവിൽനിന്നു്"

വൃദ്ധൻ:—"കുഞ്ഞേ! ഞാൻ മരിക്കാൻ തുടങ്ങുകയാണല്ലൊ എനിക്കതിലൊന്നു തരണം."

പിതൃ:—"പിതാവേ! ഞാൻ വളരെ ദുഃഖിക്കുന്നു. ഞങ്ങൾക്കു അല്ലാംപ്രതി മാരാ മാങ്ങാവീതമേയുള്ളൂ. അതിലൊന്നു തരുന്നതു എങ്ങിനെയാണു."

വൃദ്ധൻ:—"അകെ എത്ര മാങ്ങയുണ്ടു?"

പിതൃ:—"ഏഴുണ്ടു"

വൃദ്ധൻ:—"നിങ്ങൾ എത്രപേരുണ്ടു"

പിതൃ:—"മാതാപിതാക്കന്മാരും, ഭാര്യയും മൂന്നുകുഞ്ഞുങ്ങളും ഞാനും, ഞങ്ങൾ ഏഴുപേരുണ്ടു"

വൃദ്ധൻ:—"ഞാൻ വൃദ്ധനും, മരണശയ്യയിൽ പതിച്ചവനും, ആരും സഹായമില്ലാത്തവനുമാണല്ലോ. എന്റെ മകനു ദയവു തോന്നി മകന്റെ വീതം എനിക്കു തന്നാൽ കൊള്ളാം."

സ്വാർത്ഥരഹിതനായ ആ മദ്ധ്യവയസ്കൻ അല്പമാലോചിച്ചിട്ടു, തന്റെ വീതം മാങ്ങയെടുത്തു അദ്ദേഹത്തിനു കൊടുത്തു. അദ്ദേഹം അതു വാങ്ങി ഭക്ഷിച്ചതിന്റെ ശേഷം തന്റെ രണ്ടുകൈകളും കൂപ്പി ഭഗവാനെ മൌനമായിസ്തുതിച്ചു. പിന്നീടു "നിന്നെ ഇതിനീശ്വരൻ അനുഗ്രഹിക്കട്ടെ. നീ ഈ ലോകത്തിലും പരലോകത്തിലും പരമഭാഗ്യമനുഭവിക്കട്ടെ" എന്നു പിതൃപാലകനെ അനുഗ്രഹിച്ചിട്ടു അദ്ദേഹം ദേഹവിയോഗം ചെയ്യുകയും ചെയ്തു.

അവർണ്ണനീയമായ കായക്ലേശവും സീമയററ ബുദ്ധിമുട്ടുകളും അനുഭവിച്ചും, തന്റെ പ്രാണനെ പലപ്പോഴും കാലകാലുകൽ പണയംവെച്ചും സമ്പാദിച്ചതെങ്കിലും തന്റെ വീതം മാങ്ങാ മരിക്കാറായ ഒരു വൃദ്ധനു കൊടുത്തതിൽ പിതൃപാല

കന്ന താൻ ഭക്ഷിക്കുന്നതിലധികം കൃതാൎത്ഥതയും സന്തോഷവു മാണു് തോന്നിയതു്. എന്നുവരികിലും ആഗ്രഹത്തിൻെറ പെട്ടെന്നുണ്ടായ നിഷ്ഫലതയിങ്കൽ അയാൾക്കു് അനല്പമായ കുണ്ഠിതം ഉണ്ടാകാതിരുന്നില്ല. ഉടമസ്ഥനില്ലാത്ത ആ മൃത ശരീരം മാംസഭോജികളായ ദുഷ്ടജന്തുക്കൾക്കു് ഇട്ടുംവച്ചു പോകുന്നതു ഒരിക്കലും വിഹിതമല്ലെന്നു ചിന്തിച്ചും, അന്ത്യക ൎമ്മങ്ങൾ താൻ തന്നെ നിൎവഹിച്ചു ആ ശരീരം ദഹിപ്പിക്കാ മെന്നുറച്ചും, അയാൾ വിറകും, ചമത, ദർഭ മുതലായ ഹോമ ദ്രവ്യങ്ങളും അന്വേഷിച്ചു ആ കാട്ടിൽകയറി അവയുംകൊണ്ടു തിരിച്ചു വന്നപ്പോൾ ആ ശരീരം അവിടെയെങ്ങും കണ്ടില്ല. "വല്ല ദുഷ്ടമൃഗങ്ങളും ആ ശരീരം ഭക്ഷിച്ചിരിക്കാമെന്നു വിചാ രിച്ചു, അതിൻെറ ലക്ഷ്യങ്ങൾ കാണുന്നതിനായി അവിടെ യെല്ലാം നോക്കി. ചെന്നായ്, കരടി മുതലായ വന്യജന്തുക്ക ളുടെ കാൽച്ചുവടുകൾ ആ ദേശത്തെങ്ങും പതിഞ്ഞുകിടന്നി രുന്നതുകണ്ടു അയാളുടെ ഊഹം ബലപ്പെട്ടു എങ്കിലും മാംസാ ഭക്ഷിച്ചതായി ഒരടയാളവും അവിടെയെങ്ങും കണ്ടില്ല.

അയാൾ കുറേനേരം അന്വേഷിച്ചു നടന്നതിൻെറശേ ഷം വീട്ടിലേക്കു പുറപ്പെട്ടു. അധികദൂരം പോകുന്നതിനുമുമ്പു വേറൊരു സംഭവം അയാളുടെ ഗതിയെത്തടഞ്ഞു. ഒരു കാലൊടിഞ്ഞും, വാൎദ്ധക്യംകൊണ്ടു പല്ലുപൊഴിഞ്ഞും, ശരീരം മുറിവുകളേറ്റു പഴുത്തും അവശതയിൽ കിടന്നിരുന്ന ഒരു ശ്വാനൻെറ ദീനസ്വരം അയാളുടെ കൎണ്ണപുടങ്ങളിൽ പതി ച്ചു. ഒരു വൃക്ഷച്ചുവട്ടിൽ കിടന്നിരുന്ന ഈ നായുടെ കഷ്ട സ്ഥിതികണ്ടു പ്രകൃത്യാ ദയാലുവായ പിതൃപാലകൻെറ കണ്ണു കളിൽ വെള്ളം വന്നു നിറഞ്ഞു് അയാൾ ഇപ്രകാരം ചിന്തിച്ചു. ഈ ശ്വാവിൻെറ ശ്വാസംപോകുന്നതിനു മുമ്പായി കഷ്ടം! ഇത്തര ദുഃഖം അനുഭവിക്കുന്നു. തൽസങ്കട

പരിഹാരാൎത്ഥം എന്നാൽ കരണീയമെന്തു? ലോകം സൎവ്വത്ര കഷ്ടാൽ കഷ്ടതരം! ഏതു ജീവിയും പ്രപഞ്ചാബ്ധിയിൽ ചുഴന്ന കദനച്ചുഴലിയിൽ വീണു നട്ടം തിരിയാതെയും വട്ടം കറങ്ങാതെയുമിരിക്കുന്നില്ല. അതാ അവിടെ ഒരു വൃദ്ധൻ വീടും കൂട്ടും വിട്ടു കാട്ടിൽവന്നു അന്നം കൂടാതെ ഉയിരുവെടിയുന്നു. ഇവിടെയിതാ, അതിശൂരനും, ബഹുവീരനുമായ ഒരു നായ് സ്വസ്വാമിയാൽ ബഹിഷ്കൃതനായി, ക്ഷതാംഗനായി, ക്ഷുൽപിപാസാപീഡിതനായി മരണമടയുന്നു. ഞാൻ മാത്രം ദുഃഖിതനെന്നു ഞാൻ വിചാരിച്ചുപോയി. അബദ്ധം! ഒരരോഗദൃഢഗാത്രനായി, ബലവാനായി, സൎവ്വകൎമ്മകുശലനായിരിക്കുന്ന എനിക്കു കുടുംബഭരണവിഷയത്തിൽ അല്പം ബുദ്ധിമുട്ടുണ്ടു്. എന്നാലതു ദുഃഖകാരണമോ? ഒരിക്കലുമല്ല. അഥവാ, അല്പം ക്ലേശകരമായിരുന്നാൽ തന്നെയും അതു എന്റെ ജീവിതരീതിയെപ്പററി പൎയ്യാലോചിച്ചു എന്റെ നടപടിയിലുള്ള വീഴ്ച താഴ്ചകളെ പരിഹരിക്കുന്നതിനു പൎയ്യാപ്തമായിരിക്കുന്നില്ലയോ? ഞാനെന്റെ സ്ഥിതിയെപ്പററി തൃപ്തികേടായി വിചാരിച്ചിരുന്നതു ഒരു കുററം തന്നെ, സംശയമില്ല. ആ തെററിനു പ്രതിശാന്തിയായും, ഇനിക്കിവയിൽനിന്നു കിട്ടിയിട്ടുള്ള വിശിഷ്ടപാഠത്തിനു ഗുരുദക്ഷിണയായും ഞാനീ കിഴററുപട്ടിയെ ശുശ്രൂഷിച്ചു സുഖപ്പെടുത്തിയതിന്റെ ശേഷമേ ഇവിടെനിന്നു പോകുന്നുള്ളൂ. ഇപ്രകാരം ചിന്തിച്ചു് അയാൾ പട്ടിയുടെ അടുക്കൽ ചെന്നു. പട്ടിയാകട്ടെ അയാളുടെമുഖത്തും ഭാണ്ഡത്തിന്മേലും മാറിമാറി സൂക്ഷിച്ചുനോക്കിക്കൊണ്ടു കല്ലുമലിയുംവിധം മോങ്ങിക്കരഞ്ഞു. അതു വിശപ്പുകൊണ്ടാണു അധികം കഷ്ടപ്പെടുന്നതെന്നു അയാൾക്കു മനസ്സിലായി. എന്നാലതിനു കൊടുപ്പാൻ ഭോജ്യങ്ങളൊന്നും തന്റെ കൈവശമില്ലായിരുന്നു എങ്കിലും അറുമാണ്ടാ തന്റെ പൊക്കണത്തിലുണ്ടായിരുന്നല്ലോ. വളരെവളരെ പ്രയാസങ്ങളും കഷ്ടത

കളും അനുഭവിച്ചു കരസ്ഥമാക്കിയതും, അപൂർവ്വവും, ദിവ്യവുമായ മാങ്ങ വെറും ഒരു പറപ്പട്ടിക്കു കൊടുക്കുകയോ? അതു സാഹസം തന്നെ; സംശയമില്ല. ജീവികളിൽ അനുകമ്പയുള്ളവനായ ആ പുരുഷകേസരിയുടെ ഉള്ളിൽ ഇപ്രകാരം ഒരാലോചന മിന്നൽപിണരുകണക്കെ പാഞ്ഞുകയറി, എന്നാൽ ചാകാൻ പോകുന്ന ഒരു ജീവി വിശപ്പോടെ മരിക്കുന്നല്ലോ എന്നുള്ള ഒരു ചിന്തയും അയാളുടെ മനസ്സിനെ കലക്കി. മാങ്ങയൊ ആറുമാത്രം; തൻെറ വീതം ചെലവായിപോയി. ഇനി ഏതാണു് എടുക്കുക? ആകട്ടെ, ഭാര്യയുടെ വീതത്തിൽനിന്നു ഒരു കഷണം കൊടുക്കാമെന്നുറച്ചു, അല്പം പൂളി അതിൻെറ വായിലിട്ടുകൊടുത്തു. അതു അത്യാർത്തിയോടെ ആ കഷണം തിന്നയുടനെ ഒരു അത്ഭുതസംഭവമോ, മാന്ത്രികതന്ത്രമൊ പോലെ മുറിവു കരിഞ്ഞും കാലു മുറികൂടിയും പെട്ടി എഴുന്നേററു ആ സഹായകൻെറ നേക്കുള്ള നന്ദി പതുക്കെ കുരച്ചും വാലാട്ടിയും, ശരീരത്തിൽ ആണ്ടു കയറിയും പ്രത്യക്ഷപ്പെടുത്തിയിട്ടു അതിൻെറ വഴിക്കു ഓടിപ്പോയി.

കൃതാർത്ഥനായ പിതൃപാലകൻ സസുഖം വീട്ടിൽചെന്നുചേന്നു. അപ്പോളവിടെയുണ്ടായ കോലാഹലം അവർണ്ണനീയമായിരുന്നു. കൂടെയുണ്ടായിരുന്നപ്പോൾ എപ്പോഴും ശകാരിച്ചുകൊണ്ടിരുന്ന മാതാപിതാക്കന്മാർ പുത്രൻപോയ ദിവസം മുതൽ അനുഭവിച്ച സങ്കടത്തിനു കൈയ്യും കണക്കുമില്ലായിരുന്നു. ആ വൃദ്ധർ തങ്ങളുടെ പുത്രനെപ്പററി വല്ലതും സംസാരിക്കാതിരുന്ന സമയമുണ്ടായിരുന്നില്ല. അയാളുടെ സ്വഭാവവിശേഷം, ആ യാത്രയുടെ പ്രയാസം, അതിൽ നേരിടാവുന്ന അപകടം ഇത്യാദി പലതുമായിരുന്നു അവരുടെ സംസാരവിഷയം. ഈ സംഭാഷണത്തിൽ പലപ്പോഴും അവർ ഞരങ്ങു

കയും മുളുകയും കണ്ണനീർ പൊഴിക്കുകയും ചെയ്യാതിരുന്നില്ല. കൂടാതെ, ആ വൃദ്ധമാതാവു താൻ കാണിച്ചതു ഒരു വലിയ സാഹസമായിപ്പോയി എന്നു തന്നെത്താനെ കുററപ്പെടുത്തി, അത്യന്തം വേദനപ്പെട്ടുകൊണ്ടിരിക്കയും, തൻെറ പുത്രനു വല്ല അപത്തും നേരിട്ടാൽ താൻ സ്വപുത്രഹന്ത്രി എന്ന പേരിനു അർഹയായി ചമയുമല്ലൊ എന്നു കുണ്ഠിതപ്പെടുകയും ചെയ്യു ഒരു പതിവായിത്തീൎന്നു. ഊണിലും ഉറക്കത്തിലും സൎവ്വനേരവും ഇവൎക്കു തങ്ങളുടെ പുത്രനെപ്പററിയുള്ള ചിന്തയല്ലാതെ വേറൊന്നുമില്ലായിരുന്നു. രാത്രിയിൽ ആ വൃദ്ധരിരുവരും പുത്രനെ പററി ചിന്തിച്ചു ഉറങ്ങാതെ ശിവരാത്രിയായി കഴിച്ചുകൂട്ടി. പിതൃപാലകൻെറ പതിവ്രതയായ ഭാൎയ്യ കളവാണി ഭൎത്താവിൻെറ ക്ഷേമത്തെപ്പററി എത്ര ഉൽക്കണ്ഠയോടെ വൎത്തിച്ചിരുന്നു എന്നു പറവാൻ പ്രയാസം. അവൾ അവളുടെ ദുഃഖമെല്ലാം മനസ്സിലൊതുക്കി, ഒട്ടും വെളിയിൽ കാണിച്ചില്ല. ഭൎത്താവിനു വന്നേക്കാവുന്ന അപത്തുകളെപ്പററി ചിന്തിച്ചു അവൾ രാത്രിയിൽ അശേഷം ഉറങ്ങാറില്ല, എന്നു മാത്രമല്ല, പകൽ സമയത്തു ബന്ധനം ചെയ്തിരുന്ന കദനപ്രവാഹത്തിനു രാത്രിസൌകൎയ്യവും നല്കി. കണ്ണുനീരുകൊണ്ടു അവളുടെ കിടക്ക നിശ്ശേഷം നനഞ്ഞു, വ്യാകുലം ഹേതുവാൽ അവൾ നന്നാ ക്ഷീണിച്ചും വിളറിയും കൃശാംഗി എന്ന പേരിനു അൎഹയായി ചമഞ്ഞു. ഭൎത്താവു പോയ ദിവസം മുതൽ അയാൾക്കു യാതൊരു അപകടവും പിണയാതിരിക്കുന്നതിനു അവളൊരു വ്രതം അനുഷ്ഠിച്ചു ഭക്ഷണം ഒരുനേരം മാത്രമായി കുറച്ചു; ഒരു നേരത്തെ ഭക്ഷണം സാധുക്കൾക്കു ദാനം ചെയ്തു; നിശ്ചയിക്കപ്പെട്ട സമയത്തു പ്രാൎത്ഥനകൾ നടത്തി. ഈ പ്രാൎത്ഥന. മിക്കവാറും രാത്രിയിലെ ഏകാന്തതയിൽ മൌനമായി കഴിച്ചുവന്നിരുന്നു. എന്തെന്നാൽ അവൾക്കു

പകൽസമയം അവസരം കിട്ടിയിരുന്നില്ലല്ലൊ എങ്കിലും നട്ടുച്ചയ്ക്കു സ്വല്പസമയം അവൾ അതിന്ന ചെലവിടാതിരുന്നില്ല. വാക്കിലൊ ക്രിയയിലൊ യാതൊരു ജീവിക്കും ഒരു വേദനയും കൊടുക്കാതെ അവൾ തന്നെത്താനെ കാത്തുപോന്നു. ഇങ്ങിനെയാണു അവൾ അവളുടെ വ്രതം അനുഷ്ഠിച്ചത്.

പുത്രവിരഹത്താൽ അത്താരായി ചമഞ്ഞ വൃദ്ധമാതാപിതാക്കൾ പലപ്പോഴും വീട്ടുവാതുക്കൽ പോയിരുന്ന് പുത്രന്റെ പ്രത്യാഗമനത്തെ പ്രതീക്ഷിക്കുക സാധാരണയായിരുന്നു. ഇങ്ങിനെ നോക്കിക്കൊണ്ടിരുന്ന ഒരുവേളയിലായിരുന്നു പിതൃപാലകൻ ദൂരെ ദൃശ്യനായതു്.

അപ്പോഴേ അവർ ആ വിവരം അയാളുടെ ഭാര്യയെ ഗ്രഹിപ്പിച്ചതിന്റെ ശേഷം അയാളെ സ്വീകരിപ്പാൻ വഴിയിലേക്കിറങ്ങി. "ചെറുകുട്ടികൾ "അമ്മരാ, അമ്മരാ" എന്നുള്ള തേനോലുംവാണികളോടുകൂടി അയാളുടെ അടുക്കലേക്കു ഓടിച്ചെന്നു. വൃദ്ധമാതാപിതാക്കന്മാർ മാങ്ങാ കിട്ടിയതിലധികാ സ്വപുത്രനെ തിരികെ ലഭിച്ചതിനാൽ ആനന്ദബാഷ്പം പൊഴിക്കമാത്രമല്ല, വാവിട്ടു കരയുകകൂടി ചെയ്തു. അയാളുടെ ഭാര്യ അതിയായ സന്തോഷം മനസ്സിലൊതുക്കാൻ ശ്രമിച്ചെങ്കിലും അതു അവളുടെ കാലു, കണ്ണു, നാവു് ഈ അവയവങ്ങളിൽകൂടി പ്രവഹിക്കയാൽ അവൾ ഒരു ഭ്രാന്തിയെപ്പോലെ എല്ലായിടവും ഓടിനടക്കുകയും, അവിടെ വന്നുകൂടിയ ഓരോരുത്തരോടും ഓരോന്നു സംസാരിക്കുകയും ചെയ്തുകൊണ്ടിരുന്നു. അതേസമയംതന്നെ രഹസ്യസല്ലാപത്തിന്നു തന്റെ വിശിഷ്ട അത്ഥാംശത്തെ എപ്പോൾ തനിയെ കിട്ടുമെന്നു അക്ഷമയോടെ പാത്തുകൊണ്ടുമിരുന്നു.

പിതൃപാലകൻ വന്നയുടൻ തന്റെ മാതാപിതാക്കന്മാരെ സാഷ്ടാംഗം വീണു നമസ്കരിക്കയും അവരുടെ പാദങ്ങളിൽ

മുത്തം ചെയ്കയും തന്നെ ക്ഷേമമായി തിരിയെ വരുത്തിയ കൃപാവാരിധിയായ സൎവ്വേശ്വരനെ സ്തുതിക്കയും ചെയ്തു.

പിതൃപാലകൻ തിരിച്ചുവന്ന വിവരം അറിഞ്ഞു്, അയൽവാസികൾ ഓടിയെത്തി; അവർ ഓരോരുത്തർ അയാളെ സ്തുതിക്കുകയും, അശീൎവ്വദിക്കുകയും, ചെയ്താൽ അയാൾ കൊണ്ടുവന്ന മാങ്ങയിൽ ഓരംശം കിട്ടുമെന്നു സൂചിപ്പിക്കുകയും ചെയ്തു. പിതൃപാലകൻ അവരെ എല്ലാവരേയും തന്റെ യാത്രാവിവരണം കൊണ്ടു സന്തോഷിപ്പിച്ചു. അവിടെ അന്നു അത്യാനന്ദം മാനുഷരൂപമെടുത്തു കളിയാടി എന്നു ചുരുക്കിപ്പറയാം.

---

## അദ്ധ്യായം ൬.

### കൊതുകിന്റെ ശല്യം.

പിതൃപാലകൻ കൊണ്ടുവന്ന മാങ്ങാ രണ്ടെണ്ണം തന്റെ മാതാപിതാക്കന്മാൎക്കു കൊടുത്തു; ഒരെണ്ണം താനും ഭാൎയ്യയുംകൂടി ഭക്ഷിച്ചു; ഒരെണ്ണം കുട്ടികൾ മൂവൎക്കുംകൂടി പങ്കിട്ടുകൊടുത്തു; ഒരു മാങ്ങാ തന്റെ ഭാൎയ്യവീട്ടുകാൎക്കു കൊടുത്തയച്ചു. ബാക്കിയുണ്ടായിരുന്ന ഒരു മാങ്ങ തന്നെ കാണ്മാൻ വന്ന അയല്ക്കാൎക്കെല്ലാവൎക്കുമായി അല്പാല്പം ഭാഗിച്ചുകൊടുത്തു. ഇവരെല്ലാവരും അത്യാൎത്തിയോടും, അത്യാനന്ദത്തോടുംകൂടി ഭക്ഷിക്കുന്നതുകണ്ടിട്ടു പിതൃപാലകനുണ്ടായ സന്തോഷവും, ചാരിതാൎത്ഥ്യവും എത്രയെന്നു പറവാൻ പ്രയാസം. തന്നെ ഇതിനു പ്രാപ്തനാക്കിയവനും, കാത്തുരക്ഷിച്ചവനുമായ ജഗദീശ്വരനെ

നന്ദിപൂർവ്വം അയാൾ മനസാ സ്തുതിച്ചു. അയൽവാസികളെല്ലാം ആ പിതൃഭക്തനെ അനുഗ്രഹിച്ചിട്ട് അവരവരുടെ ഭവനത്തിലേക്കു സസന്തോഷം തിരിച്ചുപോയി.

പിതൃപാലകൻ തിരികെ വന്നപ്പോഴേക്കും ചെലവിനു സമ്പാദിച്ചുവച്ചിരുന്ന പണം മിക്കവാറും തീർന്നിരുന്നു. എങ്കിലും വേലയ്ക്കുപോവാൻ രണ്ടുമൂന്നുദിവസത്തേക്കു മാതാപിതാക്കന്മാർ അയാളെ സമ്മതിച്ചില്ല. അതിനാൽ ആ ദിവസങ്ങൾ തൻെറ അയല്ക്കാരെയും, സ്നേഹിതന്മാരെയും, സഹവേലക്കാരെയും, സന്ദർശിക്കുന്നതിനു് അയാൾ വിനിയോഗിച്ചു. ചെല്ലുന്ന ദിക്കിലെല്ലാം ആളുകൾ ആ ധീരനെ ബഹുമാനിക്കയും പ്രശംസിക്കയും ചെയ്തു. അയാളുടെ യാത്രാവിവരം വർണ്ണിച്ചുകേൾപ്പാൻ എല്ലാവരും ആഗ്രഹിച്ചു. പിതൃപാലകൻ അവരെയെല്ലാവരെയും സംക്ഷിപ്തമായ തൻെറ ചരിത്രംകൊണ്ടു തൃപ്തിപ്പെടുത്തി. പലരും പല വിവരങ്ങളും ചോദിക്കയും, അവയ്ക്കെല്ലാം അയാൾ തക്ക മറുപടിപറയുകയും ചെയ്തു. തേന്മാവുസന്ദർശിച്ചു മാങ്ങാ കൊണ്ടുപോരേണമെന്നുള്ള ആഗ്രഹം പല യുവാക്കന്മാൎക്കും ജനിക്കുകകൂടി ഉണ്ടായി.

രണ്ടുമൂന്നുദിവസം ഇങ്ങിനെ ഉത്സാഹമായി കഴിച്ചതിൻെറശേഷം, അദ്ദേഹം വീണ്ടും തൻെറ പഴയ ജോലിയിൽ പ്രവേശിച്ചു. അവൻെറ കൂട്ടുകാരായ വേലക്കാർ അവൻെറ യാത്രയെപ്പററി വളരെ താല്പൎയ്യത്തോടെ ചോദിക്കയും, വിജയകരമായ അവൻെറ തിരിച്ചുവരവിൽ അവനെ അനുമോദിക്കയും ചെയ്തു. അത്രയുമല്ല, അവർ അവനെ കൂടുതൽ സ്നേഹിക്കയും, ബഹുമാനിക്കയും ചെയ്വാൻ തുടങ്ങി.

എങ്കിലും ദിവസങ്ങൾ കുറേ കഴിഞ്ഞതോടുകൂടി, അവന്റെ മാകന്ദപ്രാപ്തി ബഹുമാനത്തിനുപകരം അപമാനവും ആദരവിനു പകരം അനാദരവുമാണു് വരുത്തിക്കൂട്ടിയതു്. അവന്റെ കൂട്ടുകാരായ വേലക്കാർ, പ്രത്യേകിച്ചു സ്പർദ്ധാലുക്കൾ, അവനെ മാങ്ങാക്കാരൻ, പൂച്ചസ്സന്ന്യാസി, തരുവിജയി ഇത്യാദി അപരനാമങ്ങൾ വിളിച്ചുതുടങ്ങുകയും, അവ സർവ്വത്ര വ്യാപിക്കയും ചെയ്തു. പിതൃപാലകനു പകരം ഈ പേരുകൾ സാധാരണ നടപ്പായി. ഉയർന്നനിലയിലുള്ളവർ അവന്റെ കഥകൾ അവിശ്വസിച്ചുതുടങ്ങി. ധനവാന്മാരും, ബലവാന്മാരും ഭൃത്യജനസഹിതം വിഹരിച്ചവരുമായ അനേകം യുവജനങ്ങൾ നശിച്ചിട്ടുള്ളതും, സർവ്വത്ര അപത്തു നിറഞ്ഞിട്ടുള്ളതുമായ ആ കാന്താരാന്ധകാരത്തിൽ ഏകനായി നിരക്ഷരകുക്ഷിയായ ഒരു നിർദ്ധനൻ സസുഖം പോയി എന്നും, മാങ്ങാ കരസ്ഥമാക്കി എന്നും മററുമുള്ള കഥ വെറും നേരംപോക്കെന്നു അവർ പറവാനും ആരംഭിച്ചു. മാംസഭോജിയായ വൃക്ഷത്തെപ്പററിയുള്ള കഥയെ ഒരു കഥയായി അവർ ഗണിച്ചു. അങ്ങിനെയൊരു വൃക്ഷം ലോകത്തിൽ ഉണ്ടായിരിക്കയില്ലെന്നു അവർ വാദിച്ചു. പിതൃപാലകൻ എവിടെയോ ചെന്നു് കുറേ മാങ്ങാ പറിച്ചുകൊണ്ടുവന്നു്, അതു തേന്മാവിന്റെ ഫലമാണെന്നു വൃഥാ പ്രശംസിക്കയാണെന്നു അവർ പറഞ്ഞുപരത്തി. വെറും കൂലിക്കാരൻ, ലോകത്തിൽ ഒരു സ്ഥാനവുമില്ലാത്തവൻ, വിദ്യാവിഹീനൻ, വിടുവിഡ്ഢി, നിർദ്ധനൻ ഇങ്ങിനെയുള്ള ഒരുവനു് ദിവ്യമാകന്ദത്തെ പ്രാപിക്കുന്നതിനും, അതിന്റെ പവിത്രഫലം കരസ്ഥമാക്കുന്നതിനും എങ്ങിനെ കഴിയുമെന്നു ഗ്രഹിപ്പാൻ അവൎക്കു ശക്തിയുണ്ടായിരുന്നില്ല. അതിനാൽ പിതൃപാലകനു മററുള്ളവരുടെ ആക്ഷേപത്തിനും, പുച്ഛത്തിനും

പാത്രീഭവിച്ചു. ആളുകൾ ഇപ്പോൾ അവനെ ഒരു വഞ്ചകൻ എന്നു ഗണിച്ചുതുടങ്ങി. അവൻ പറയുന്നതെല്ലാം 'വെറും വെടി' എന്നവർ വിചാരിച്ചു. തന്റെ സത്യസന്ധതയെപ്പററി ആളുകൾ ഇങ്ങിനെ സംശയിക്കുന്നതുകൊണ്ടു പിതൃപാലകൻ ദുഃഖിച്ചു. അവരുടെ തെററിദ്ധാരണയെ ദൂരീകരിപ്പാൻ അവൻ ചെയ്ത ശ്രമം അതിനെ ബലപ്പെടുത്തുകയേ ചെയ്തുള്ളു. "ദൈവമേ! ഞാനൊന്നും ചെയ്യാതെ ആളുകൾ എന്നെ തെററിദ്ധരിക്കുന്നുവല്ലോ. ഞാൻ പരമാൎത്ഥം, അതേ വെറും നഗ്നമായ പരമാൎത്ഥം പറഞ്ഞിട്ടു ആളുകൾ, വിശിഷ്യാ, എന്റെ പ്രകൃതി നല്ലവണ്ണം മനസ്സിലാക്കിയിട്ടുള്ള എന്റെ ഗുരുനാഥൻ അലക്സ് പോലും എന്നെ അവിശ്വസിക്കുന്നുവല്ലോ" എന്നു് അവൻ വിലപിച്ചു.

വീട്ടിലും പിതൃപാലകനു സുഖമുണ്ടായിരുന്നില്ല. വൃദ്ധരെ പ്രസാദിപ്പിക്കുന്നതു വളരെ വിഷമമുള്ള ഒരു കാൎയ്യമാണല്ലോ. അവർ ദരിദ്രർകൂടിയായാൽ വിഷമത വളരെമടങ്ങു വർദ്ധിക്കുന്നു. അവരുടെ അനുഗ്രഹങ്ങളും ആവശ്യങ്ങളും നിമിഷംപ്രതി മാറിക്കൊണ്ടിരിക്കുന്നുവല്ലോ. അവരുടെ ഒരാവശ്യം നിവൎത്തിപ്പിക്കാൻ ആരംഭിക്കുമ്പോഴേയ്ക്കു അതു മാറി വേറൊന്നിൽ അവൎക്കു കാംക്ഷ ജനിക്കുന്നു. ആ അനുഗ്രഹം സാധിക്കുന്നതിനു മുമ്പായി വേറൊന്നു് അതിന്റെ സ്ഥാനത്തെ പ്രാപിക്കുന്നു. അവർ ആവശ്യപ്പെട്ടവിധം ഒന്നു നിവൎത്തിച്ചാൽ വേറൊരുവിധമായിരുന്നു അവൎക്കു വേണ്ടിയിരുന്നതു്. ഒരാൾ ഒന്നുചെയ്താൽ, വേറൊരാൾ വേണ്ടിയിരുന്നു അവൎക്കതുചെയ്യേണ്ടിയിരുന്നതു്. ഈവിധമുള്ള ചാപല്യപ്രകൃതിയോടുകൂടിയവരായിരുന്നു പിതൃപാലകന്റെ കൂനിക്കരഞ്ഞവരായ മാതാപി

താക്കന്മാർ. ദാരിദ്ര്യം അ കുടുംബത്തെ ശക്തിയായി ബാധിച്ചു മിരുന്നു. ഈ നിലയ്ക്കു ഒരു കൂലിവേലക്കാരനായ പുത്രനു അവരെ സന്തോഷിപ്പിക്കുന്നതിനു വളരെവളരെ പ്രയാസമുണ്ടായി.

അവരുടെ യഥാൎത്ഥമൊ, സങ്കല്പമാത്രമോ ആയ എല്ലാ അസുഖത്തിനും പിതൃപാലകനും, ക്ഷമാപതിയുമായിരുന്നു ഉത്തരവാദികൾ. അവൎക്കു പുത്രനോടും മരുമകളോടും അശേഷം വിരോധമോ, നീരസമോ ഉണ്ടായിരുന്നില്ല. എങ്കിലും അവർ എപ്പോഴും അവരെ ശകാരിച്ചുകൊണ്ടിരുന്നു. അവർ അങ്ങോട്ടുനോക്കിയാലും കുററം, ഇങ്ങോട്ടുനോക്കിയാലുംകുററം; അതുചെയ്താലും തെററു, ഇതുചെയ്താലും തെററു; എന്തുപറഞ്ഞാലും അനിഷ്ടം "മാതാപിതാക്കന്മാൎക്കു തലവേദന വരുന്നതു പിതൃപാലകൻെറ ദോഷംകൊണ്ടാണു; വിശക്കുന്നെങ്കിൽ അതിൻെറ ഉത്തരവാദി ക്ഷമാപതിയല്ലാതെ മററാരുമല്ല. ജലദോഷം പിടിപെട്ടെങ്കിൽ അന്യാതരുണിയായ ക്ഷമാപതി അവരെ കൊല്ലാൻ ചെയ്ത തന്ത്രമായിരിക്കും അതു് അയാളുടെ അരുമസന്താനങ്ങൾ ഈ അപ്പൂപ്പനും അമ്മൂമ്മയ്ക്കും അവരെ ഉപദ്രവിക്കുന്ന "ശല്യ"ങ്ങൾ, "പ്രേത"ങ്ങളായിരുന്നു. രാവും പകലും എപ്പോഴും കൂടെയുണ്ടായിരുന്ന ക്ഷമാപതിയായിരുന്നു ഇവരുടെ ശകാരത്തിൻെറ അധികപങ്കും ശ്രവിക്കേണ്ടിയിരുന്നതു്.

എപ്പോഴും ശകാരിച്ചുകൊണ്ടിരുന്നെങ്കിലും, വൃദ്ധർ അ കാൎയ്യം അടുത്ത നിമിഷം മറന്നുപോകും. അങ്ങിനെ ഒരു കാൎയ്യം നടന്നതായി അവർ ഓൎമ്മിക്കയില്ല. അവരുടെ വാക്ശരം വരുത്തുന്ന മുറിവിനെപ്പററി ചിന്തിപ്പാൻ അവൎക്കു കഴി

ഞ്ഞിരുന്നില്ല. ശകാരിച്ചിരുന്നെങ്കിലും, ഒരു നിമിഷംപോലും ക്ഷമാവതിയും കുട്ടികളും അവരുടെ അടുക്കൽ നിന്നു മാറി പ്പോവാൻ പാടില്ലായിരുന്നു. അൽപസമയത്തേക്കു അവരെ കണ്ടില്ലെങ്കിൽ വൃദ്ധനും വൃദ്ധയും കുഞ്ഞുങ്ങളെപ്പോലെ പൊട്ടി ക്കരഞ്ഞു കണ്ണുനീർ പൊഴിച്ചുകളയും. ഇത്ര ദയനീയമായി രുന്നു അവരുടെ സ്ഥിതി. ചുരുക്കിപ്പറഞ്ഞാൽ, കുഞ്ഞുങ്ങളു ടേതിനു സമമായിരുന്നു അവരുടെ പ്രകൃതി.

ഈ ശകാരങ്ങൾ ക്ഷമാവതി കാര്യമായി കരുതിയല്ല. ബാല ചാപല്യമായി രൂപാന്തരപ്പെട്ടിട്ടുള്ള വൃദ്ധ ചാപല്യമാണു ഇവയ്ക്കു കാരണമെന്ന് ഗ്രഹിപ്പാൻ അവൾക്കു ബുദ്ധിയില്ലാ തിരുന്നില്ല. ദാരിദ്ര്യവും പട്ടിണിയും മാത്രമേ അവളെ ക്ലേശി പ്പിച്ചിരുന്നൊള്ളു. ശകാരങ്ങൾ അവൾ കേട്ടതായിപ്പോലും ഭാവിച്ചില്ല.

പിതൃപാലകനും ശകാരങ്ങളെപ്പററി ഗൌനിച്ചില്ല. എങ്കിലും ഏകസന്താനമായ തനിക്കു തൻെറ മാതാപിതാക്ക ന്മാരുടെ സർവ്വ ഇച്ഛകളെയും നിറവേററാൻ പ്രാപ്തിയില്ലാ തിരുന്നതുകൊണ്ടു കണക്കില്ലാത്ത ദുഃഖമുണ്ടായിരുന്നു. ഇതു കെടാത്തീകണക്കെ അയാളുടെ ഉള്ളിൽ നീറിക്കൊണ്ടിരുന്നു. അതുകൊണ്ടു് അയാൾ സർവ്വദാ മ്ലാനമുഖനായിട്ടായിരുന്നു വർത്തിച്ചുവന്നതു്.

എങ്കിലും തന്നാൽ കഴിയുന്ന എല്ലാ വിധത്തിലും അയാൾ മാതാപിതാക്കന്മാരുടെ ആവശ്യങ്ങൾ നിറവേററി വന്നു. എന്തെല്ലാം കായക്ലേശങ്ങൾ അനുഭവിക്കേണ്ടിവ ന്നാലും, അതിനു അയാൾ തയാറായിരുന്നു. വേനൽക്കാലത്തു ഉഷ്ണം അതികലശലായിരുന്ന ഒരു രാത്രിയിൽ, മധുര ശാന്തനു

മേതം അടുത്തുവന്നു നമ്മെ വശീകരിച്ചു, നമ്മുടെ ചംകുത്തിത്തുളച്ചു ജീവരക്തം പാനം ചെയ്യുന്ന മശകസമൂഹം ആ വൃദ്ധരെ നല്ലപോലെ അലട്ടി. അവർ ശകാരമാരി പൊഴിപ്പാനും തുടങ്ങി, മാതാപിതാക്കന്മാരുടെ കഷ്ടപ്പാട് മനസ്സിലാക്കിയ പിതൃപാലകൻ അവർ കിടന്നിരുന്ന മുറിയുടെ ജനലിനടുക്കൽ തിണ്ണയിൽ വന്ന്, അൎദ്ധനഗ്നനായി കിടന്നു. കൊതുകുഗണം അയാളെ കടിച്ച്, രക്തംകുടിച്ചു തൃപ്തിയടയുകയും ചെയ്തു. കൊതുകിന്റെ ശല്യമുണ്ടായിരുന്ന രാത്രികളിലെല്ലാം പിതൃപാലകൻ ഇങ്ങനെ ചെയ്തു. ഈവിധമാണ് അയാൾ അച്ഛനമ്മമാരുടെ ക്ഷേമത്തിനുവേണ്ടി കഷ്ടപ്പെട്ടത്.

---

## ആറാം അദ്ധ്യായം.

---

### ഒരാലോചന.

എന്തായാലും പിതൃപാലകന്റെ ദുരിതത്തിനു് ഒരു ശമനവും വന്നില്ല. ആളുകൾ അയാളെ സംശയിപ്പാൻ തുടങ്ങിയതോടുകൂടി അയാൾക്കു വേല കുറഞ്ഞുകുറഞ്ഞു വന്നു; അതിനാൽ കൂലിയും വളരെ കുറവായും, കിട്ടിവന്ന കൂലി അതാതു ദിവസത്തെ അത്യാവശ്യത്തിനു് മതിയായിരുന്നുമില്ല. അൎദ്ധപട്ടിണിയായിരുന്നു അവൎക്കെല്ലാവൎക്കും അനുഭവം. അവരെയെല്ലാം സംരക്ഷിക്കുന്നതു അയാൾക്കു് വലിയ ഭാരമായിത്തീൎന്നു. ഭക്ഷണക്കുറവുകൊണ്ടു മാതാപിതാക്കന്മാർ സദാ കലമ്പൽകൂട്ടിയിരുന്നതുതന്നെയല്ല, അവരുടെ ശരീരസ്ഥിതി— കാഴ്ചക്കാൎക്കു് സങ്കടം ജനിപ്പിക്കത്തക്കവണ്ണം മെലിഞ്ഞു അസ്ഥിക്കൂടം മാത്രമായിരുന്ന അവരുടെ അവസ്ഥ—കൂടി

പാലകൻെറ നയനങ്ങളിൽ പലപ്പോഴും വൻമാരി വർഷിപ്പിച്ചു. അതിനു വേണ്ട കാർമേഘങ്ങളെ ഉയൎത്തിക്കൊണ്ടു അയാളുടെ ഹൃദയാന്തർഭാഗത്തു കത്തിഎരിഞ്ഞുകൊണ്ടിരുന്ന ബഡവാഗ്നിയെ ഓമനസന്താനങ്ങളുടേയും പ്രിയഭാൎയ്യയുടേയും ദുരിതാവസ്ഥാനിലൻ ഊതിജ്വലിപ്പിച്ചു. ആ ഉഷ്ണാവുജ്വാലിചെയ്യാനുള്ള അയാളുടെ ശക്തിയാകുന്ന വാരിയെ പ്രതിദിനം വററിച്ചുകൊണ്ടുമിരുന്നു.

ഈ കാരണങ്ങളാൽ ആ പിതൃഭക്തൻെറ മനസ്സിൽ ചില ആലോചനകൾ ഉദിച്ചു. ആ ആലോചന അയാൾക്കു കഠിനമനശ്ശല്യം വരുത്തി; അയാൾ അതിനെപ്പററി സൂക്ഷ്മമായി ചിന്തിച്ചു; എങ്കിലും ഒരു പോംവഴിയും കണ്ടില്ല. തൻെറ പ്രധാന ചുമതല പിതൃശുശ്രൂഷയാണല്ലോ. അതിനു യാതൊരന്തരവും വരുത്തുവാൻ അയാൾക്കശേഷം മനസ്സില്ലായിരുന്നു. എന്നാൽ തൻെറ സന്താനങ്ങളുടെ നേൎക്കുള്ള ചുമതല വേറെവിധത്തിൽ നിൎവ്വഹിക്കാമെന്നാണു് അയാൾ ചിന്തിച്ചതു്. ഈ ചിന്ത എങ്ങനെയാണു് അവരുടെ തള്ളയോടുപറയുന്നതു് എന്നു് അയാൾക്കറിവാൻ കഴിഞ്ഞില്ല. കുറേദിവസം ഈ വിചാരംമനസ്സിൽ വച്ചുകൊണ്ടിരുന്നതിൻെറ ശേഷം ഒടുവിൽ ഭാൎയ്യയെ ഗ്രഹിപ്പിക്കാമെന്നു് അയാൾ ധൈൎയ്യപ്പെട്ടു.

പിതൃപാലകൻ ഭാൎയ്യയേ വിളിച്ചു ഇപ്രകാരം പറഞ്ഞു:- "പ്രിയേ ക്ഷമാവതി! ഞാൻ നിന്നോടൊരുകാൎയ്യംപറവാൻ ഭാവിക്കയാണു്."

ക്ഷമാവതി:—"പറയാമല്ലോ, അതിനെന്താ വിരോധം. എൻെറ അനുവാദം വേണമോ?"

പിതൃ:—"വേണം; നിനക്കതു് ഒട്ടും സുഖമാവില്ലെന്നു എനിക്കറിയാം. അതിനാൽ എങ്ങിനെയാണു പറയുന്നതു്?"

ക്ഷമാ:—"സുഖമാവില്ലെന്നോ? ഏതുകാൎയ്യവും എനിക്കു സുഖമാകും. നിങ്ങൾക്കു സന്തോഷവും തൃപ്തിയും വരുത്തുന്ന എന്തും ചെയ്യാൻ ഞാൻ സന്നദ്ധയാണ്. മുഴുവൻ പട്ടിണികിടക്കണമെന്നു നിങ്ങൾ പറഞ്ഞാൽ അതും അപ്പുറവും അനുസരിപ്പാൻ ഞാൻ തയാറാണ്. നിങ്ങൾക്ക് ആനന്ദവും കുടുംബത്തിനു ശ്രേയസ്സുമുണ്ടാകണമെന്ന എനിക്കാഗ്രഹമുള്ളൂ."

പിതൃ:—"നീ ഏതിനും സന്നദ്ധയാണെന്നു എനിക്കറിയാം. എന്റെ അഭീഷ്ടാനുസരണം പ്രവൎത്തിപ്പാൻ നീ മടിക്കയില്ലെന്നും എനിക്കു നിശ്ചയമുണ്ട്."

ക്ഷമാ:—"പിന്നെ എന്തുകൊണ്ടാണു പറവാൻ മടിക്കുന്നത്. എന്തു സംഗതിയായാലും പറഞ്ഞുകൊള്ളുക."

പിതൃ:—"ഞാൻ പറവാൻഭാവിക്കുന്നതു നമ്മുടെ കുഞ്ഞുങ്ങളെ സംബന്ധിച്ചാണ്. അതു നിനക്കു വലിയ സങ്കടകാരണമായിരിക്കും."

ക്ഷമാ:—എന്തു്? കുഞ്ഞുങ്ങളെ സംബന്ധിച്ചു എന്താണു പറവാനുള്ളതു്. അവർ പാവങ്ങൾ, ഭക്ഷണക്കുറവിനാൽ ക്ഷീണിച്ചു, മെലിഞ്ഞു അസ്ഥിക്കൂടങ്ങളായിട്ടാണല്ലോ ഇരിക്കുന്നതു്. അവരെസംബന്ധിച്ചു എന്താണ്?"

പിതൃ:—"എനിക്കുകിട്ടുന്ന കൂലികൊണ്ടു് എല്ലാവരെയും പോററുന്നതു വലിയ പ്രയാസമാണല്ലോ."

ക്ഷമാ.—"അതിനു കുട്ടികൾ എന്തുവേണം. അവർ എന്തോ ചത്തുകളയണമോ?"

പിതൃ:—"അതേ, അതുതന്നെവേണമെന്നാണു ഞാൻ പറയുന്നതു്."

ക്ഷമാ—"അയ്യോ, ഈശ്വരാ! എനിക്കിതുകേൾക്കയേവേണ്ട. അവർ എങ്ങിനെ ചാകണമെന്നാണ പറയുന്നതു്?"

പിതൃ:—"അവരെ കാട്ടിൽ കൂട്ടിക്കൊണ്ടുപോയി കൊന്നുകള ഞ്ഞാലെന്താണ്?"

ക്ഷമാ:—"അയ്യോ! മഹാപാപി! സ്വന്ത കുട്ടികളെ കൊന്നു കളവാൻ വിചാരിക്കുന്ന ദുഷ്ടാ! പഞ്ചാഗ്നിമദ്ധ്യത്തിൽ തപസ്സുചെയ്താലും ഇങ്ങിനെ വിചാരിച്ച നിൻെറ പാപം നീങ്ങില്ലോകുമോ? അയ്യോ! എനിക്കിതുകേൾപ്പാൻ ശക്തിയില്ല ഈശ്വരാ! ഇതോ എൻെറ അനുഭവം? ഇതിനോ ഞാൻ വന്ധ്യയാകാതിരുന്നതു്?"

പിതൃ:—"പ്രിയേ! നീ ലഹള കൂട്ടാതിരിക്കുക. ഞാനീവിധം അഭിപ്രായപ്പെട്ടതു് അതു നല്ലതായതുകൊണ്ടല്ല. എനിക്കും നിന്നെപ്പോലെതന്നെ ദുഃഖവും വേദനയുമുണ്ട്. ഞാൻ പുരുഷനായതുകൊണ്ടു് അതു വെളിയിൽ പ്രകാശിപ്പിക്കുന്നില്ല എന്നേയുള്ളൂ എൻെറ ഹൃദയം നീറി ചാമ്പലായിരിക്കുന്നു. പിതൃപരിപാലനത്തിനു ഞാൻ അന്യമാർഗ്ഗം കാണുന്നില്ല. പിതൃപരിപാലനത്തിനും ഒട്ടും അമാന്തം വരുത്തിക്കൂടല്ലൊ. കുട്ടികൾ പോയിക്കഴിഞ്ഞാൽ ഉള്ളതുകൊണ്ടു നമുക്കു അച്ഛനമ്മമാരെ ഒരു വിധം പോററാമല്ലൊ എന്നുമാത്രം വിചാരിച്ചാണ് ഞാനീ അഭിപ്രായം പുറപ്പെടുവിച്ചതു്."

ക്ഷമാ:—"എൻെറ പൊന്നുനാഥാ! ഇങ്ങനെ പറയരുതേ! കുട്ടികൾക്കുപകരം എന്നെ കൊന്നുകൊൾക; എനിക്കു പൂർണ്ണസമ്മതമാണ്. എൻെറ കുട്ടികളെ ഒന്നും ചെയ്യരുതേ!"

പിതൃ:—"നിന്നെക്കൊന്നാൽ മാതാപിതാക്കന്മാരുടെ ശുശ്രൂഷയ്ക്കു ആരുമില്ലല്ലൊ. അപ്പോൾ ഞാൻ വേറൊരുവളെ കല്യാണം കഴിക്കേണ്ടതായിവരും. അപ്പോൾ ഇതിലും വിഷമമാകും."

ക്ഷമാ:—"എന്തായാലും കൊള്ളാം എന്നെ കൊന്നുകളക. എനിക്കു പിന്നെ ഒന്നും അറികയും കേൾക്കയും വേണ്ടല്ലൊ."

പിതൃ:—"എനിക്കു കുഞ്ഞുങ്ങളോടു സ്നേഹമില്ലെന്നൊ നീവിചാരിക്കുന്നതു്? അവർ മരിക്കുന്നതിൽ എനിക്കു ദുഃഖമില്ലെന്നൊ നിൻെറ ചിന്ത? ഇതൊന്നുമാത്രമെ ഒരു മാർഗ്ഗം ഞാൻ കാണുന്നൊള്ളൂ. ഞാൻ മരിച്ചുകളയുമായിരുന്നു; അപ്പോൾ നിങ്ങളെല്ലാവരും പട്ടിണികിടന്നു ചാകും; നീ മരിച്ചാൽ വീട്ടിൽ ശുശ്രൂഷയ്ക്കു ആളില്ലാതെവരും. അതിനാൽ കുട്ടികൾ മാത്രമെ ഒരു പാത്രമായിരിക്കുന്നൊള്ളൂ. അതുകൊണ്ടു നീ വിസമ്മതിക്കരുതു്. നമ്മുടെ വിധി ഇതായിരിക്കും."

ക്ഷമാ:—"എൻെറ ദൈവമേ! ഇതോ എൻെറ വിധി? ഞാനിത്ര മഹാപാപിയോ? ഈ പരമസങ്കടം അനുഭവിപ്പാനോ ഞാൻ ഭൂജാതയായതു്? എൻെറ കുഞ്ഞുങ്ങളെ കൊല്ലരുതേ! എൻെറ പ്രാണനാഥാ! എൻെറ കുഞ്ഞുങ്ങളെ കൊല്ലരുതേ! അവർക്കൊരുദോഷവും ചെയ്യരുതേ!"

പിതൃ:—"പിന്നെ ഞാനെന്തുചെയ്യട്ടേ? ഞാനൊരു പോംവഴിയും കാണുന്നില്ലല്ലോ."

ക്ഷമാ:—"അയ്യോ! ഞാൻപറയാം. നിങ്ങൾ അവരെ കൊല്ലരുതേ! അവരെ കാട്ടിൽ ഉപേക്ഷിച്ചുകളക, അവരെ

ഈശ്വരൻ രക്ഷിച്ചുകൊള്ളും. അല്ലെങ്കിൽ അവൎക്കെന്തെങ്കിലും ഭവിച്ചുകൊള്ളട്ടേ. പിതാവു് സ്വന്ത മക്കളെ കൊന്നു എന്ന കുററം നിങ്ങളുടെ തലയിൽ വരില്ലല്ലോ."

പിതൃ:—"എങ്ങിനെ? അവർ എന്റെകൂടെ തിരിച്ചുപോരികയില്ലേ?"

ക്ഷമാ:—"ഇല്ല. ഒരുദിവസം സന്ധ്യയോടുകൂടി വല്ല കാരണവുംപറഞ്ഞു്, നിങ്ങൾ അവരെ മൂവരെയും അവൎക്കു പരിചയമില്ലാത്ത ഒരു കാട്ടിൽ കൊണ്ടുപോകണം. രാത്രിസമയം അവർ കാട്ടിൽ കിടന്നുറങ്ങുമ്പോൾ, നിങ്ങൾ അവരെ പിരിഞ്ഞുപോരിക. എന്റെ കുഞ്ഞുങ്ങൾ ചത്തില്ലാ എന്നു് എനിക്കാശ്വസിക്കാമല്ലോ."

പിതൃ:—"ദൈവമേ! നിതന്നെ എന്റെ തുണയും ശരണവും; നിന്റെ ഇഷ്ടം സകലത്തിലും നടക്കട്ടെ."

ഇപ്രകാരം ചെയ്യാമെന്നു് അവരിരുവരും ഉറച്ചു. അരാത്രിയിൽ അവർ ഉറങ്ങിയില്ല. ക്ഷമാവതിയുടെ കിടക്ക മുഴുവൻ കണ്ണുനീരുകൊണ്ടു നനഞ്ഞു. പിതൃപാലകന്റെ ശരീരം ചുവടററ വള്ളിപോലെ തളൎന്നു. എങ്ങിനെയോ ഒരുവിധം അവർ നേരംവെളുപ്പിച്ചു എന്നുപറയാം.

---

## ഏഴാം അദ്ധ്യായം.

---

### കുട്ടികളുടെ വേർപാടു്.

നേരം പ്രഭാതമായി. എല്ലാവരും കിടക്കയിൽനിന്നെഴുന്നേററു മുഖം കഴുകി ഈശ്വരനെ ആരാധിച്ചു. പിതൃപാലകനും ക്ഷമാവതിക്കും ഒട്ടും ഉന്മേഷമോ, ഉത്സാഹമോ ഉണ്ടാ

യിരുന്നില്ല. അവർ വിളറി ജീവച്ഛവങ്ങൾപോലെ കാണപ്പെട്ടു. അന്നുരാത്രി കുട്ടികളെ ഉപേക്ഷിച്ചുകളയാമെന്നാണു് അവർ നിശ്ചയിച്ചിരുന്നതു്. അതിനാൽ അവക്കുണ്ടായ വേദന സീമയററതായിരുന്നു. എങ്കിലും അവർ അവരുടെ നിത്യത്തൊഴിലിൽ ഒട്ടും ഉദാസീനതകാണിച്ചില്ല. പിതൃപാലകൻ വേലയ്ക്കായി തെരുവിലേയ്ക്കുപോയി. അയാൾ ദുഃഖംകൊണ്ടു യാതൊരു ഭക്ഷണവും കഴിച്ചില്ല. ക്ഷമാവതി ഗൃഹകാര്യങ്ങൾ യഥാവിധി നടത്തിക്കൊണ്ടിരുന്നു. ആരും സമീപെ ഇല്ലാതിരുന്ന സമയത്തെല്ലാം അവളുടെ കവിൾത്തടങ്ങളിൽ കൂടി കണ്ണുനീർ ഒഴുകിക്കൊണ്ടിരുന്നു. കുട്ടികളെ അടുത്തുകിട്ടുന്ന സമയത്തെല്ലാം അവൾ അവരെപ്പിടിച്ചു മുത്തംചെയ്തു; അവൾ അവരോടു സംസാരിച്ച അവസരങ്ങളിലെല്ലാം അവളുടെ തൊണ്ട ഇടറി ദീനസ്വരം പുറപ്പെട്ടു. ഈ സ്ഥിതിയുടെ കാരണം അവർ അവളോടുചോദിച്ചു. അവൾ സ്നേഹം വഴിഞ്ഞൊഴുകുന്ന കണ്ണുകളോടും, മ്ലാനമായ മുഖത്തോടും, നനഞ്ഞ കവിൾത്തടത്തോടുംകൂടി അവരെ നോക്കുകയല്ലാതെ ഉത്തരമൊന്നും പറഞ്ഞില്ല. അമ്മയുടെ ഭാവഭേദംകണ്ടു കുട്ടികൾക്കും സങ്കടമുണ്ടായി. അവർ കാരണമന്വേഷിച്ചു് അമ്മയുടെ പുറകേ നടന്നു. അവരുടെ ചോദ്യംകേൾക്കുമ്പോൾ ആ സാധ്വി അധികം കണ്ണുനീർ പൊഴിച്ചതല്ലാതെ ഒന്നുംതന്നെ പറഞ്ഞില്ല. അവളുടെ ഭാവവ്യത്യാസം വൃദ്ധമാതാപിതാക്കൾ വീക്ഷിച്ചതേയില്ല. അതു മനസ്സിലാക്കുവാനുള്ള ശക്തി അവക്കില്ലായിരുന്നു.

ക്ഷമാവതി ഒന്നും ഭക്ഷിച്ചില്ലെങ്കിലും ചില പലഹാരങ്ങൾ പ്രത്യേകം തയാർചെയ്തു കുട്ടികൾക്കു് കൊടുക്കുകയും, അവരെ കുളിപ്പിച്ചു നല്ല വസ്ത്രങ്ങൾ ധരിപ്പിക്കുകയും ചെയ്തു. ഈ സമയമെല്ലാം അവൾ ഓരോരുത്തരേയും അനേകം പ്രാവശ്യം ചുംബിക്കയും, അവളുടെ നനഞ്ഞ കവിൾത്തടങ്ങൾകൊണ്ടു

അവരുടെ വക്ത്രശോണിമയെ ദ്വിഗുണീഭവിപ്പിക്കയും ചെയ്തു. കുട്ടികൾ അവളുടെ സ്ഥിതിയും പ്രവൃത്തിപ്രത്യേകതയും കണ്ടു ഒന്നും മനസ്സിലാകാതെ അന്ധാളിച്ചു.

ഈ പെററതള്ളയുടെ ദുസ്സഹദുഃഖം കാണ്മാൻ ശക്തിയില്ലാഞ്ഞിട്ടായിരിക്കാം സൂൎയ്യഭഗവാൻ പശ്ചിമദിക്കിലേക്ക് അതിശീഘ്രം പാഞ്ഞുകളഞ്ഞതു്. ചെറുകുട്ടികൾ സോത്സാഹം ഓടിച്ചാടിക്കളിക്കുന്നു. വൃദ്ധമാതാപിതാക്കൾ നിൎവ്വിചാരകരായി സ്ഥിതിചെയ്യുന്നു. മഹാനസാലംബയായ മഹതിമാത്രം നിൎഗ്ഗളമായി നിൎഗ്ഗമിക്കുന്ന ബാഷ്പപ്രവാഹത്താൽ നിതംബപ്രദേശത്തെക്കൂടി നിമഗ്നമാക്കിച്ചെയ്തു വേപഥുഗാത്രിയായി തൊരണ്ടുന്നു.

ഈ സമയം പിതൃപാലകനും വന്നുചേൎന്നു. അയാളും ഭാൎയ്യയും പരസ്പരം ഒന്നുനോക്കി; രണ്ടുപേരും ഒന്നും ഉരിയാടിയില്ല.

നേരം സന്ധ്യയോടു അടുത്തിരുന്നതിനാൽ കുട്ടികളെ കാട്ടിലേക്കു കൊണ്ടുപോവാൻ അയാൾ ഉടനെ ഉദ്യമിച്ചുതുടങ്ങി. അയാൾ കുട്ടികൾ മൂവരേയും വിളിച്ചു, കുറെ വിറകു കൊണ്ടുവരുവാൻ കാട്ടിലേക്കു പോകാമെന്നു പറഞ്ഞു. കുട്ടികളിൽ ഒന്നാമൻ! "അച്ഛാ! നേരം സന്ധ്യയാകാറായല്ലോ. ഇപ്പോൾ പോയാൽ നാം എപ്പോഴാണ് തിരിച്ചെത്തുക?"

പിതൃ:— "ഈശ്വരൻ നമ്മെ കാത്തു പരിപാലിച്ചുകൊള്ളും."

മൂന്നാമൻ:— "അച്ഛാ! ഞാൻ കൂടി വരേണമോ? എന്നെ അച്ഛൻ സാധാരണ കൊണ്ടുപോകാറില്ലല്ലോ."

പിതൃ:— "ഇന്നു നീകൂടി വരണം."

രണ്ടാമൻ: — "അച്ഛാ! ഇന്നു അമ്മയ്ക്കു ഏതോ വലിയ ദുഃഖമുണ്ടു്. അതെന്തുകൊണ്ടാണു്?"

പിതൃ:—"അമ്മയ്ക്കറിയാം അതിന്റെ കാരണം."

രണ്ടാമൻ:—"ഞാൻ അമ്മയുടെ അടുക്കൽ താമസിക്കട്ടെ. എല്ലാവരും പോയാൽ അമ്മയ്ക്കു വലിയ ദുഃഖമാകും."

പിതൃ:—"വേണ്ടാ; ഈശ്വരൻ അമ്മയുടെ ദുഃഖം ശമിപ്പിച്ചു കൊള്ളും."

ഒന്നാമൻ:—"എന്നാൽ നമുക്കു വേഗം പോകാം. എന്നാൽ മാത്രമെ അധികം ഇരുളുന്നതിനു മുമ്പ് തിരിച്ചെത്താൻ സാധിക്കു."

പിതൃ:—"നിങ്ങൾ ചെന്നു അപ്പൂപ്പനേയും അമ്മൂമ്മയേയും സാഷ്ടാംഗപ്രണാമം ചെയ്തുവരുവിൻ."

ഒന്നാമൻ:—"വിറകു പെറുക്കാൻ പോകുമ്പോൾ അങ്ങിനെ ചെയ്ക പതിവില്ലല്ലൊ."

പിതൃ:—"ഇന്നു അങ്ങിനെ ചെയ്യിൻ, ഇന്നു നാം അസമയത്താണല്ലോ പോകുന്നതു്."

ഒന്നാമൻ:—"യാതൊരാപത്തും വരാതിരിപ്പാൻ വേണ്ടിയാണൊ അങ്ങിനെ ചെയ്യേണ്ടതു്?"

പിതൃ:—"അതേ, നിങ്ങൾ അമ്മയേയും നമസ്കരിപ്പിൻ."

കുട്ടികൾ പ്രവയസ്കരെ നമസ്കരിച്ചു. അവർ വിറകിനു പോകുന്നതുകൊണ്ടാണു് അങ്ങിനെ ചെയ്തതു എന്നു മനസ്സിലാക്കുകയാൽ, "ഈശ്വരൻ നിങ്ങളെ കാത്തുകൊള്ളട്ടെ," എന്നനുഗ്രഹിച്ചിട്ടു വേഗം പോയിവരുവാൻ വൃദ്ധൻ അവൎക്കനുവാദം കൊടുത്തു.

പിന്നീടു് അവർ അവരുടെ അമ്മയെ നമസ്കരിച്ചു. അ പെററതള്ള അവരെ മാറിമാറി മാറോട്ടചേൎത്തണച്ചു അവരുടെ മൂൎദ്ധാവിലും കവിൾത്തടങ്ങളിലും പലവുരു ചുംബിച്ചു. ചുംബനമെന്നല്ല അതിനെ നാമകരണം ചെയ്യേണ്ടതു്. അതു

സ്നേഹത്തിന്റെ പരിപൂർണ്ണവും ഗാഢവുമായ മുദ്രതന്നെയായിരുന്നു. അവളുടെ ജീവനെ അവൾ ആ മുത്തംവഴി അവരിലേക്ക പകരുകയാണ് ചെയ്തത്. ഈ സമയം അവളുടെ കണ്ണുകളിൽനിന്നു കണ്ണുനീരല്ല, രക്തംതന്നെ ഒഴുകിക്കൊണ്ടിരുന്നു. അവളുടെ ശരീരം ആലിലപോലെ വിറച്ചു; ദേഹത്തെങ്ങും ചൂടുവൎദ്ധിച്ചു. അവളുടെ ജീവൻ അവളിൽനിന്നു പുറപ്പെട്ടു പോയതായി അവൾക്കു തോന്നി. അവളുടെ കണ്ണുനീരും പാരവശ്യവും പരിഭ്രമവും കണ്ടിട്ടു കുട്ടികളും കരഞ്ഞു. പിതൃപാലകൻ അവരെ കൂട്ടിക്കൊണ്ടു ഉടൻതന്നെ കാട്ടിലേക്കു പുറപ്പെട്ടുപോയി. അവരെ ഒരുനോക്കുകൂടി കാണുന്നതിന് ചൈതന്യരഹിതയായിത്തീൎന്ന ക്ഷമാവതി വെളിയിലേക്കു തലനീട്ടവേ മൂൎച്ഛിച്ചു മുറിയിൽ വീഴുകയും ചെയ്തു. ഈ സംഗതികളൊന്നും വൃദ്ധർ അറിഞ്ഞതേയില്ല.

ക്ഷമാവതി കിടന്ന കിടപ്പിൽ വളരെനേരം കിടന്നുപോയി. മാതാപിതാക്കളും ക്ഷീണംകൊണ്ടു ഉറങ്ങിപ്പോയി. അവർ ഉണൎന്ന് അത്താഴത്തിന് ആവശ്യപ്പെട്ടപ്പോഴാണ് ക്ഷമാവതിക്കു സുബോധം വീണത്. ഈ സമയം രാത്രി അഞ്ചാറു നാഴിക കഴിഞ്ഞിരുന്നു. അവൾ ഒരു ദീൎഘോച്ഛ്വാസത്തോടെ ഉത്ഥാനം ചെയ്തു, ദേഹത്തും വസ്ത്രത്തിലും പററിയിരുന്ന മണ്ണു തുടച്ചുകളഞ്ഞിട്ട്, അവൎക്ക് ഭക്ഷണം വിളമ്പിക്കൊടുത്തു. ഭക്ഷണത്തിനിടയിൽ അവർ പിതൃപാലകനേയും കുട്ടികളേയുംപററി ചോദിച്ചു. ഉടൻ വരുമെന്നുമാത്രം അവൾ ഗദ്ഗദത്തോടെ ഉത്തരം പറഞ്ഞു. വൃദ്ധർ ഭക്ഷണാനന്തരം നിദ്രയ്ക്കധീനരായി. ക്ഷമാവതിയാകട്ടെ അവളുടെ കിടക്കയിൽ ചെന്നുവീണു. അവൾ സുബോധമില്ലാതെ, ഏററവും പരിതാപകരമായ നിലയിൽ ഒരു തടിപോലെ അവിടെക്കിടന്നു. അവൾ ചത്തുകിടക്കയാണോ എന്നു കാണികൾക്കു തോന്നിപ്പോകും.

പിതൃപാലകൻ കുട്ടികളെക്കൂട്ടിക്കൊണ്ടു, അവക്ക് പരിചയമില്ലാത്തതും, മൂന്നുനാലുമൈൽ ദൂരെ കിടന്നതുമായ ഒരു കാട്ടിന്റെ ഉള്ളിലേക്കു കടന്നു. കാട്ടിൽ ചെന്നയുടൻ കുട്ടികൾ വിറകു ശേഖരിപ്പാൻ തുടങ്ങി. പിതൃപാലകൻ ചൈതന്യരഹിതനായി അനങ്ങാതെ ഒരു വൃക്ഷച്ചുവട്ടിൽ ഇരുന്നു. ക്ഷീണംകൊണ്ടായിരിക്കാം പിതാവു സ്വസ്ഥനായിരിക്കുന്നതെന്നു കുട്ടികൾ വിചാരിച്ചു. എങ്കിലും തിരിച്ചുപോകേണ്ട കാര്യത്തെപ്പറ്റി മൂന്നാമത്തെ കുട്ടി സംസാരിച്ചു. അപ്പോൾ, അവരോടു ചില കാര്യങ്ങൾ പറയാമെന്നു പറഞ്ഞു അയാൾ കുട്ടികളെ അരികത്തേക്കു വിളിച്ചു. കുട്ടികൾവന്ന് അയാളുടെ അടുക്കലിരുന്നപ്പോൾ അയാൾ പറഞ്ഞുതുടങ്ങിയതാവിതു്.

"കുഞ്ഞുങ്ങളെ ഞാനൊരു ചോദ്യം ചോദിക്കാം: നിങ്ങളെ പരിപാലിക്കുന്നതാരാണു്?"

മൂന്നാമത്തെക്കുട്ടി—"അച്ഛനും അമ്മയും"

പിതൃ:—"അങ്ങിനെ പറയരുതു്. ഞങ്ങൾ ഉപായുധമാത്രം. ഞങ്ങളും, നിങ്ങളും സകലയാളുകളും ഈശ്വരന്റെ സൃഷ്ടികളാണു്. എല്ലാവരേയും തീററിപ്പോററി രക്ഷിക്കുന്നതും ഈശ്വരൻതന്നെ. മനുഷ്യനെ തന്നെയല്ല, സകലജീവരാശികളേയും സൃഷ്ടിച്ചതും ഈശ്വരൻതന്നെ. അവയെ സംരക്ഷിക്കുന്നതും ആ പരാപരന്റെ വേലയാണു്. ജീവികളെ മാത്രമല്ല, പ്രപഞ്ചത്തെ മുഴുവൻ സൃഷ്ടിച്ചു, അതിലുള്ള ഓരോന്നിനും ലംഘിച്ചുകൂടാത്ത പ്രമാണങ്ങളെക്കൊടുത്തു നടത്തിച്ചുപോരുന്നതും ജഗന്നിയന്താവായ സർവ്വേശ്വരൻതന്നെ. ഈശ്വരനാണു എന്നെയും നിങ്ങളെയും രക്ഷിക്കുന്നതു്. ഈശ്വരന്റെ സംരക്ഷണ ചില ആളുകൾ വഴിയായും ചില സംഭവ

ങ്ങൾ വഴിയായും മററുമായിരിക്കും നടക്കുന്നത്. അതനുസരിച്ചു നിങ്ങളുടെ അമ്മയും, ഞാനും നിങ്ങളെ രക്ഷിക്കുന്നതിനു ദൈവത്താൽ നിയോഗിക്കപ്പെട്ടിരിക്കുന്ന ആയുധം മാത്രമാണ്. ചിലപ്പോൾ നാം ആശ്രയിച്ചിരിക്കുന്ന ആയുധം ഈശ്വരൻ പെട്ടെന്നു മാററിക്കളഞ്ഞു എന്നുവരാം. എന്നാലും നാം ദൈവത്തിൻെറ പരിരക്ഷയിലാണു സ്ഥിതിചെയ്യുന്നത്. അപ്പോഴും നാം ഭയപ്പെടാതെ സ്ഥിരമായി ഈശ്വരനിൽ ആശ്രയിപ്പാൻ പഠിക്കുക. നിങ്ങളും ഞാനും തമ്മിൽ വേർപിരിഞ്ഞു എന്നുവരാം. എന്നാലും ഈശ്വരൻ നിങ്ങളെ കാത്തുകൊള്ളുമെന്നു വിശ്വസിക്കുക. ചിലപ്പോൾ കഠിനവും അസഹനീയവുമായ അനുഭവങ്ങളുണ്ടായി നിങ്ങൾ മരിച്ചു എന്നുവരാം. എങ്കിലും നിങ്ങൾ ഭയപ്പെട്ടിട്ടാവശ്യമില്ല. മരണം ഭയപ്പെടേണ്ട ഒരു കാര്യമല്ല. മരണം ഈ ലോകജീവിതത്തിലെ വിഷമതകളിൽനിന്നും സങ്കടങ്ങളിൽനിന്നും പരീക്ഷകളിൽനിന്നും നമ്മെ വേഗം മോചിക്കുന്നു. നാം ഉത്തമരായിരുന്നാൽ അതു് നമ്മെ സൗഭാഗ്യസമ്പൂർണ്ണമായ നിത്യഭാഗ്യത്തിലേക്കയയ്ക്കുന്നു. അവിടെ നമുക്കു പട്ടിണിയോ, വേദനയോ, സങ്കടമോ യാതൊന്നുമില്ല. അതിനാൽ എൻെറ കുഞ്ഞുങ്ങൾക്കു ഭാവിയിൽ എന്തെല്ലാം അനുഭവങ്ങളുണ്ടായാലും നിങ്ങൾക്കു ഈശ്വരവിശ്വാസവും ആശ്രയവും നിശ്ചയമായും ഉണ്ടായിരിക്കണം. ഒരു പക്ഷെ നിങ്ങൾ പട്ടിണി കിടന്നു മരിപ്പാനിടയാകുന്നു എന്നു വിചാരിക്കുക; അല്ലെങ്കിൽ നിങ്ങളെ വല്ല ദുഷ്ട-മൃഗവും പിടിച്ചുഭക്ഷിച്ചു എന്നു ചിന്തിക്ക; അല്ലെങ്കിൽ വല്ല പൊറുക്കാത്ത വ്യാധിയും പിടിപെട്ടു നിങ്ങൾ നരകിച്ചു ചത്തു എന്നു ആലോചിക്കുക. എന്തായാലും

അതു ഈശ്വരഹിതം എന്നുറച്ചു സന്തോഷത്തോടും, സമാധാനത്തോടും കൂടി അതു അനുഭവിപ്പാൻ ശ്രമിക്കുക. ഈശ്വരനിൽ ഇളക്കമില്ലാത്തതും സംശയമില്ലാത്തതുമായ വിശ്വാസവും ഭക്തിയും ഉണ്ടായിരിക്കണം. ചിലപ്പോൾ നമുക്കു ബഹുസങ്കടകരവും, അതികഠിനതരവുമായ അനുഭവങ്ങൾ ഉണ്ടാകാറുണ്ട്. എന്നാൽ നാം വിശ്വസിക്കുന്നുവെങ്കിൽ, അവ നമുക്കു ഒടുവിൽ അനുഗ്രഹകാരണങ്ങളായിത്തീരും. അതിനാൽ എന്റെ കുഞ്ഞുങ്ങൾക്കു ഈശ്വരനിൽ പൂർണ്ണമായ ഭക്തിയും സംശയരഹിതമായ വിശ്വാസവും ഉണ്ടായിരിക്കണം."

ഇപ്രകാരം പിതൃപാലകൻ തുടന്നു സംസാരിച്ചുകൊണ്ടിരുന്നു. സംഭാഷണത്തിനിടയ്ക്കു കുട്ടികൾ ഓരോന്നു ചോദിക്കയും, അയാൾ അതിനു തക്കസമാധാനം പറയുകയും ചെയ്തു. നേരമിരുട്ടി എന്നു ചൂണ്ടിക്കാണിച്ച്, തിരിച്ചുപോവാൻ അവർ പലയാവത്തി ആവശ്യപ്പെട്ടു അ സമയം അയാൾ ഉപായത്തിൽ അവരുടെ ശ്രദ്ധ മററു വിഷയങ്ങളിലേക്കു പെട്ടെന്നു തിരിച്ചുകളകയും ചെയ്തു.

നേരം രണ്ടു മൂന്നുനാഴിക ഇരുട്ടി. കുട്ടികൾക്കു ഉറക്കം വന്നുതുടങ്ങി. അയാൾ വൃക്ഷത്തിന്റെ കൊമ്പുകൾ ഒടിച്ച് നിരത്തിയിട്ടു കുട്ടികളെ കിടത്തി, താനും അരികെയിരുന്നു. കുട്ടികൾക്കു വേഗം ഉറക്കം പിടിച്ചു. അയാൾ മൌനിയായിരുന്നു് വളരെ നേരം ഈശ്വരനെ പ്രാൎത്ഥിച്ചു. അയാളിൽ നിന്നു യാതൊരു ശബ്ദവും പുറപ്പെട്ടില്ല. അയാളുടെ ചുണ്ടുകൾ അനങ്ങിയൊ എന്നു സംശയം. എങ്കിലും രോമകൂപങ്ങളിൽനിന്നു കുമുകുമാ ചാടിയ സ്വേദകണങ്ങൾകൊണ്ടു അയാളുടെ വസ്ത്രം നനയുകയും, ദേഹം വെള്ളത്തിൽ മുങ്ങിയതു

പോലെ അയിത്തീരുകയും ചെയ്തു. കണ്ണിൽനിന്നു ചാടിയ കണ്ണുനീർ മാറിൽ കൂടിയും, നാഭീതലത്തിൽകൂടിയും ഒഴുകി വിയർപ്പിനോടുകൂടി കലൎന്ന്, അയാൾ ഇരുന്നിരുന്ന ഇലക ളിലും, പിന്നീടു നിലത്തും പതിച്ചു. നാലുപാടും ചെറു ചാ ലുകളായി പ്രവഹിച്ചു. അയാളുടെ തലമുടി പെട്ടെന്നു കുറെ വെളുത്തു എന്നു തോന്നുന്നു. അയാളുടെ ചങ്കിന്റെ ഇടി ദൂരെ ശ്രാവ്യമായി. ശരീരം ഒരു ഊഞ്ഞാൽ കണക്കെ വിറച്ചു. കുഞ്ഞുങ്ങൾക്കു താൻ ചെയ്യുന്ന നാശം, അവർ ഉണരുമ്പോൾ അവൎക്കുണ്ടാകുന്ന ദുഃഖം, അവരുടെ ഭാവി അനുഭവം, അവ രുടെ മാതാവിന്റെ വേദന, ഇത്യാദി പല സംഗതികളും അയാളുടെ ചിന്തയിൽ ആവിർഭവിക്കയും, അയാൾ ഇടയ്ക്കി ടയ്ക്കു മൂർഛരിക്കയും ചെയ്തു.

ഇങ്ങിനെ ചിന്തിച്ചിരുന്നും, പ്രാൎത്ഥിച്ചും, മൂർഛരിച്ചും സമയം ഏകദേശം പാതിരാവായി. പിന്നീട് തിരിച്ചുപോ കാമെന്നുറച്ച്, അയാൾ കുട്ടികൾ മൂവരേയും ശിരസ്സുമുതൽ പാദംവരെ ചുംബിച്ചു, വീണ്ടും ചുംബിച്ചു. വീണ്ടും വീണ്ടും പലതവണ ചുംബിച്ചു. അനന്തരം "ഈശ്വരൻ നിങ്ങളെ കാത്തുകൊള്ളട്ടെ" എന്നു കണ്ണുനീരോടും, ഗൽഗദത്തോടും ഉച്ചരിച്ചിട്ടു പോവാനായി രണ്ടുചുവടു മുമ്പോട്ടുവച്ചു. തിരി ഞ്ഞു അവരെ നോക്കി കുറേനേരം നിന്ന് കണ്ണുനീർപൊ ഴിച്ചു. പിന്നീടു അല്പം മുമ്പോട്ടു നടന്നു, വീണ്ടും തിരിഞ്ഞു നിന്നു കരഞ്ഞു; പിന്നെയും മുമ്പോട്ടു നടന്നു, വീണ്ടും തിരി ഞ്ഞുനിന്നു കരഞ്ഞു; അതിന്റെശേഷം പെട്ടെന്നു ഓടിവന്ന് അവരെ മുത്തംചെയ്തു, അവരുടെ കൈയെടുത്തു തന്റെ കണ്ണിൽവച്ചു, അവരുടെ പാദങ്ങളിൽ മുഖം ചായിച്ചു കര ഞ്ഞു, അവരുടെ തലയിലും ദേഹത്തും തലോടി. അനന്തരം മനസ്സില്ലാ മനസ്സോടെ അവരുടെ അടുക്കൽനിന്നു പുറപ്പെട്ടു;

അല്പം പോയതിന്റെശേഷം ഓടിവന്നു് അവരെ അശ്ലേഷിച്ചു മുൻചെയ്ത പ്രകാരം ചെയ്തു. ഈവിധം പലപ്രാവശ്യം ഉണ്ടായി. കിംബഹുനാ, ഏകദേശം എട്ടുനാഴിക വെളുപ്പിനു് അയാൾ കുട്ടികളുടെ അടുക്കൽനിന്നു ഒരു വിധം പിരിഞ്ഞു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

32D
942.67
032:3N033:11
F1

# എട്ടാം അദ്ധ്യായം.

## നിധിലാഭം.

ഹാ, നിർഭാഗ്യവാനായ ഈ സാധുമനുഷ്യൻ തന്റെ ആത്മസന്താനങ്ങളുടെ അടുക്കൽനിന്നു ഉന്മത്തനെപ്പോലെ പാഞ്ഞോടിയും നിലം പതിച്ചും, കുരുടനെപ്പോലെ തപ്പിത്തടഞ്ഞും, വൃക്ഷങ്ങളിൽ മുട്ടിയും ബോധരഹിതനെപ്പോലെ അതുമിതും പ്രലപിച്ചും, ഗതിക്കു ഉദ്ദേശമില്ലാതെയും പോകവേ, തന്റെ കുട്ടികളിൽനിന്നു ഒരു വിളിപ്പാടു ദൂരം ചെന്നപ്പോൾ വേറൊരു സംഭവമുണ്ടായി. അതിശൂരനായ ഒരു ശുനകൻ ഭയങ്കരമായ "ഭൌ, ഭൌ" ശബ്ദത്താൽ അയാളെ അഭിവാദ്യം ചെയ്തു, അയാളെ ചീന്തിക്കളവാനൊ എന്നു തോന്നുമാറു അതിവേഗം തുള്ളിച്ചാടി ഓടിവന്നു. അതേസമയം തന്നെ, "ആരെടാ അവിടെ" എന്നലറിക്കൊണ്ടു കരിങ്കുറവനും, ഭീമകായനുമായ ഒരു രാക്ഷസൻ തന്റെ നീണ്ടഗദയും ചുഴററി പാഞ്ഞുവന്നു. ദുഃഖസാഗരത്തിൽ ഒരു നിലയും കാണാതെ നീന്തിക്കൊണ്ടിരുന്ന ആ ഭാഗ്യശൂന്യൻ ഇപ്പോൾ അത്യന്തം ഭയാക്രാന്തൻ കൂടിയായി, പെട്ടെന്നു നിലകൊണ്ടു, രാക്ഷസന്റെ ഒച്ച കേട്ടപ്പോൾ നായ് അനങ്ങാതെ നിന്നു. രാക്ഷസൻ അടുത്തുവ

ന്ന് "നീ ആരെടാ" എന്നു ഗർജ്ജിച്ചു. ഭയവും ദുഃഖവുംകൊണ്ടു പിതൃപാലകനു് ഒന്നും സംസാരിപ്പാൻ കഴിഞ്ഞില്ല. അതിനാൽ അതിനു കോപം വർദ്ധിച്ചു, രാക്ഷസൻ ആ ചോദ്യം തന്നെ ആവർത്തിക്കയും, "നീ ക്ഷണനത്തിൽ ഉത്തരം പറഞ്ഞില്ലെങ്കിൽ ഈ ഗദകൊണ്ടു നിൻെറ തല മരോട്ടിയ്ക്കാപോലെ ചിതറിച്ചുകളയും" എന്നു് ട്ടഹസിക്കയും ചെയ്തു.

പിതൃപാലകൻ ഞരങ്ങിക്കൊണ്ടുപറഞ്ഞു, "ഞാൻ സാധുവും ദരിദ്രനുമായ ഒരു കൂലിവേലക്കാരനാണു്. പിതൃപാലകൻ എന്നാണു് പേരു്."

രാക്ഷ:—നീ ഇവിടെ എന്തിനുവന്നു?"

പിതൃ:—"വിറകു പെറുക്കുവാൻ"

രാക്ഷ:—"എന്തു്! രാത്രിയിലൊ വിറകുപെറുക്കുന്നതു്? വേഗം നേരുപറഞ്ഞുകൊൾക; അല്ലെങ്കിൽ—"

പിതൃ:—ഒരു രഹസ്യസംഗതിക്കായിട്ടാണു് വന്നതു്"

രാക്ഷ:—കൊള്ളാം, രഹസ്യസംഗതി എന്തു? വേഗം പറയൂ. ഈ കാട്ടിൽ നിനക്കെന്തു് രഹസ്യസംഗതി?"

പിതൃ:—"എൻെറ ഒരു പ്രത്യേകകാര്യം മാത്രമാണു് അതു്; മററാരെയും സംബന്ധിക്കുന്നതല്ല."

രാക്ഷ:—"നിനക്കു് പ്രത്യേകസംഗതി? എന്തെടാ അതു്?"

പിതൃ:—"അയ്യോ! എന്നെ നിർബന്ധിക്കരുതേ! ഞാൻ സാധുവാണേ."

രാക്ഷ:—"നീ ഒരു മഹാകള്ളൻ, സംശയമില്ല. നീ ആരുടേയോ ഒരു ദൂതനാണു്. നേരുടൻ പറഞ്ഞില്ലെങ്കിൽ, ഒററയടിക്കു് ഞാൻ നിന്നെ പരലോകത്തേക്കു് അയയ്ക്കും."

പിതൃ:—"എൻെറ പൊന്നുസ്വാമി! എന്നെ നിർബന്ധിക്കരുതേ! എൻെറ പ്രത്യേകസംഗതി എനിക്കു് വളരെ സ

ങ്കടകാരണമായിരിക്കുന്നു." പിതൃപാലകൻ വിങ്ങിവിങ്ങി കരയുന്നു.

രാക്ഷ: —"എന്തെടാ കളിക്കുന്നുവോ? നിൻെറ രോദനംകൊണ്ടു് എന്നെ വശീകരിപ്പാൻ തുടങ്ങുന്നുവോ? എന്നാലിതാ" ഗദ ഓങ്ങുന്നു.

പിതൃ:—വിറച്ചുകൊണ്ടു്, "എന്നെ കൊല്ലരുതേ! പടുകിഴവരും ദരിദ്രരുമായ എൻെറ മാതാപിതാക്കന്മാൎക്കു് ഞാൻ ഏകപുത്രനാണേ."

രാക്ഷ:—"അതിനെന്തുവേണം? നേരുപറഞ്ഞില്ലെങ്കിൽ—" ഒകൈക്കപിടിച്ചുകൊണ്ടു് "നീ എന്തിനു് കാട്ടിൽ വന്നു? വേഗം പറയുക," എന്നലറി.

പിതൃ:—"ഞാ—ൻ—എ—ൻെറ......" കരയുന്നു.

രാക്ഷ:—"ശേഷം"

പിതൃ:—"കു—ട്ടി—ക—ളെ......" കരയുന്നു.

രാക്ഷ:—"എന്തു ചെയ്തു?"

പിതൃ:—"കാ—ട്ടിൽ—ഉ—പേ—ക്ഷി—ച്ചു—" പൊട്ടിക്കരയുന്നു.

രാക്ഷ: —"എന്തിനു്?"

പിതൃ:—ഞാൻ കൂലിവേലക്കാരനാണു്. കിട്ടിവരുന്ന കൂലി കൊണ്ടു് മാതാപിതാക്കന്മാരെയും ശിശുക്കളേയും സംരക്ഷിപ്പാൻ നിവൃത്തിയില്ല. മാതാപിതാക്കന്മാരെ പുലത്താതിരിപ്പാൻ സാധിക്കയില്ലല്ലൊ. അതിനാൽ ശിശുക്കളെ ഉപേക്ഷിച്ചു." നെടുവീൎപ്പിടുന്നു.

രാക്ഷ:—"ദുഷ്ടാ! വല്ലവരും സ്വന്ത കുഞ്ഞുങ്ങളെ ഉപേക്ഷിക്കുമോ? നീ പറഞ്ഞതല്ല കാരണം. നീ അ കുഞ്ഞുങ്ങളെ ഇഷ്ടപ്പെടുന്നില്ല."

പിതൃ:—"അയ്യോ! ഞാനവരെ എന്നെപ്പോലെ സ്നേഹിക്കുന്നുണ്ട്. അവരെ വിട്ടുപിരിഞ്ഞതിനാൽ ഞാൻ ചാകാതെ ചത്തിരിക്കയാണു്."

രാക്ഷ:—"നീയല്ലേ തേന്മാവിൽനിന്നു മാങ്ങാ കൊണ്ടുവന്ന അ പിതൃപാലകൻ,"

പിതൃ:—"അതേ."

രാക്ഷ:—"അങ്ങിനെഅവക്കു് ഇഹത്തിലും പരത്തിലും ഐശ്വര്യമുണ്ടാകണമെന്നല്ലോ ലോകമതം. നീനക്കെന്നാൽ ദാരിദ്ര്യമാണോ?"

പിതൃ:—"എനിക്കു് മേലിൽ ഐശ്വര്യം വരുമായിരിക്കും."

രാക്ഷ:—"നീ വല്ല മാവിൽനിന്നും മാങ്ങാ കൊണ്ടുവന്നിട്ടു്, തേന്മാവിൻെറ ഫലമാണെന്നു പ്രഥാ ജല്പിച്ചതായിരിക്കും."

പിതൃ:—"ഒരിക്കലുമല്ല. ദരിദ്രനെങ്കിലും ഞാൻ കള്ളം പറയാറില്ല. ഞാൻ വാസ്തവത്തിൽ തേന്മാവിൽനിന്നുതന്നെയാണു് മാങ്ങാ കൊണ്ടുവന്നതു്."

രാക്ഷ:—"എന്നാൽ നീ അ മാങ്ങാ ആക്കും കൊടുക്കാതെ സ്വാത്ഥമാത്രമായി ഉപയോഗിച്ചിരിക്കാം."

പിതൃ:—"ഇല്ല. ഞാൻ പലക്കും കൊടുത്തു. മൃഗത്തിനുപോലും കൊടുത്തു."

രാക്ഷ:—"ആക്കെല്ലാം കൊടുത്തു."

പിതൃ:—"വഴിയിൽവച്ച് ചാകാൻകിടന്ന ഒരു വൃദ്ധനും, മുറിപ്പെട്ടുകിടന്ന ഒരു പട്ടിക്കും കൊടുത്തു. വീട്ടിൽചെന്നു അയൽക്കാൎക്കെല്ലാം കൊടുത്തു."

രാക്ഷ:—"വൃദ്ധന് എവിടെവച്ചു കൊടുത്തു."

പിതൃ:—അ വനത്തിൻെറ അതിൎത്തിപ്രദേശത്തുവച്ച്."

രാക്ഷ:—"എന്നിട്ട് അയാൾക്കെന്തുവേിച്ചു."

പിതൃ:—"അയാൾ മരിച്ചുപോയി."

രാക്ഷ:—"നീ പിന്നെന്തു ചെയ്തു."

പിതൃ:—"ശവം ദഹിപ്പിക്കുന്നതിനു വിറകും മററും ശേഖരിപ്പാൻ കാട്ടിലേക്കു പോയി. തിരികെ വന്നപ്പോൾ ശവം കണ്ടില്ല."

രാക്ഷ:—"ശവത്തിനു എന്തുഭവിച്ചു?"

പിതൃ:—"വല്ല ദുഷ്ടമൃഗവും ഭക്ഷിച്ചിരിക്കാം."

രാക്ഷ:—"നിൻെറ ഉദാസീനതകൊണ്ടല്ലേ അ ശവം അങ്ങിനെ നശിക്കാൻ ഇടയായതു്. അതകട്ടെ, നീ അ വൃദ്ധൻെറ ചരായ കാക്കുന്നുണ്ടോ?"

പിതൃ:—"ഇല്ല."

രാക്ഷ:—"അ വൃദ്ധൻെറ ചരായ ഇതാണോ?" എന്നു പറഞ്ഞു അ രാക്ഷസൻ തൽക്ഷണം അ വൃദ്ധൻെറ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു.

വൃദ്ധൻ:—"പിതൃപാലകാ, ഞാൻ നിന്നെ പരീക്ഷിക്കുന്നതിനായിട്ടായിരുന്നു അന്നവിടെ ഹാജരായതു്. ഇന്നും

ഞാൻ നിന്നെ പരിശോധിച്ചിരിക്കുന്നു. എൻെറ പരീക്ഷയിൽ നീ വിജയിയായി. നീയൊരുത്തമപുരുഷനെന്നു എല്ലാ പ്രകാരേണയും തെളിഞ്ഞിരിക്കുന്നു; നിൻെറ പിതൃഭക്തി അദ്വിതീയമാണ്. നീ സത്യസന്ധനമാണു്. അതിനാൽ ഞാൻ നിന്നെ അനുഗ്രഹിച്ചിരിക്കുന്നു. ഞാൻ നിനക്കൊരു നിധി തരുന്നുണ്ടു്. അതു കൊണ്ടുപോയി നീ സുഖമായി ജീവിക്കുക. നിൻെറ മാതാപിതാക്കന്മാരെ വേണ്ടതുപോലെ പരിപാലിക്കയും, ശിശുക്കളെ ഉത്തമമായി വളൎത്തുകയും ചെയ്യുക. ഈ പട്ടി നിന്നെ നിധിയിരിക്കുന്ന സ്ഥലത്തേക്കു കൂട്ടിക്കൊണ്ടുപോകും. നിധിയെടുത്തു നിൻെറ കുഞ്ഞുങ്ങളേയും കൂട്ടി വേഗം നിൻെറ വീട്ടിലേക്കു പൊയ്ക്കൊൾക. നീ വരുന്നതുവരെ കുഞ്ഞുങ്ങൾ ഭദ്രമായി സൂക്ഷിക്കപ്പെടും. നീ ഇഹത്തിലും പരത്തിലും സൌഭാഗ്യവാനായി ഭവിക്കട്ടെ."

വൃദ്ധവേഷധാരിയായ ആ ദിവ്യപുരുഷൻ ഇത്രയും അരുളിച്ചെയ്തപ്പോൾ അദ്ദേഹത്തിൻെറ ചുററും ഒരു ജ്യോതിസ്സു പ്രകാശിക്കയും അദ്ദേഹം അന്തർദ്ധാനം ചെയ്കയും ചെയ്തു.

പിതൃപാലകനു ഒന്നും മനസ്സിലായില്ല. ഇതു് യഥാൎത്ഥമാണൊ, അതോ സ്വപ്നമാണോ എന്നയാൾ ചിന്തിച്ചു. എങ്കിലും അയാൾ പട്ടിയുടെ പുറകേ പോയി. അല്പദൂരം ചെന്നപ്പോൾ, അതു വീണുകിടന്ന ഒരു വൃക്ഷച്ചുവട്ടിൽ നില്ക്കയും, ഒരു ദിവ്യപുമാനായി രൂപാന്തരപ്പെടുകയും ചെയ്തു. അനന്തരം ആ ദിവ്യൻ പറഞ്ഞു. "പാലകാ! നീ മാണ്ടാതന്ന പ്രിയപ്പെട്ട പട്ടിയാണു് ഞാൻ. ഞാനും നിന്നെ പരിശോധിച്ചു്, നീ അത്യുത്തമനായ ഒരു പുരുഷരത്നമെന്നു കണ്ടിരിക്കുന്നു. നീ കൂലിവേലക്കാരനെങ്കിലും അതിശ്രേഷ്ഠനെന്നും

നിർദ്ധനനെങ്കിലും അതിവിശ്വസ്തനെന്നും, വിദ്യാവിഹീന നെങ്കിലും യഥാർത്ഥജ്ഞാനിയെന്നും, സാധുവെങ്കിലും പരമ ഭക്തനെന്നും തെളിഞ്ഞിരിക്കുന്നു. ഞാനും നിനക്കൊരു വിശി ഷ്ടസമ്മാനം തരുന്നുണ്ട്. ഇതാ ഈ അക്ഷയപാത്രം എന്നും നിൻെറ പെട്ടിയിൽ സൂക്ഷിച്ചുകൊൾക. നിനക്കു ഒട്ടും പണമില്ലാതിരിക്കുന്ന സമയത്ത് അത്യാവശ്യമുള്ള സംഖ്യ ഇതിനകത്തുണ്ടായിരിക്കും. ഈ പാത്രത്തിൻെറ ഈ ഗുണം നിൻെറ കുടുംബത്തിൽ പത്തു തലമുറയ്ക്കു ഉണ്ടായിരിക്കുകയും ചെയ്യും."

ഇപ്രകാരം അരുളിച്ചെയ്ത്, ആ ദിവ്യൻ ഒരു പൊൻധ ഷ്ടി അയാൾക്കു സമ്മാനിക്കയും, വീണു കിടന്ന വൃക്ഷ ത്തിൻെറ ചുവട്ടിൽ ഇരുന്നതും, നിറച്ച് സ്വർണ്ണനാണയങ്ങൾ ഉള്ളതുമായ ഒരു ചെമ്പുകുടം കാണിച്ചു കൊടുക്കയും ചെയ്തു. പിതൃപാലകൻ അതു എടുത്തു കഴിഞ്ഞപ്പോൾ, ദിവ്യൻ അയാളെ അനുഗ്രഹിച്ചു, കുട്ടികളുടെ അടുക്കലേക്കു അനയി ച്ചിച്ചിട്ടു പെട്ടെന്നു മറഞ്ഞു കളഞ്ഞു.

---

## ഒൻപതാം അദ്ധ്യായം.

---

### ഐശ്വര്യം.

അക്ഷയപാത്രവും, നിധിയും കൈവശം കിട്ടുകയും സ്വന്ത കുഞ്ഞുങ്ങളുടെ അടുക്കലേക്കു തിരിച്ചു പോവാൻ തുട ങ്ങുകയും ചെയ്തതിൻെറ ശേഷമേ താൻ കണ്ടതും, കേട്ടതും, അനുഭവിച്ചതും യഥാർത്ഥമെന്ന് പിതൃപാലകൻ ശരിയായി

ഗ്രഹിച്ചോള്ളു. അപ്പോൾ അയാൾക്കുണ്ടായ സന്തോഷത്തിനു കണക്കില്ലായിരുന്നു. പെട്ടെന്നു ധനവാനായതു കൊണ്ടല്ല, പിന്നെയോ, തൻെറ കുഞ്ഞുങ്ങളെ തിരികെ ലഭിപ്പാനിടയായതിനാലാണ് അയാൾക്കു അതിയായ സന്തോഷമുണ്ടായതു്.

സന്തോഷാധിക്യം തൻെറ കാൽച്ചുവടുകളെ ത്വരിതപ്പെടുത്തി; അയാൾ അതിശീഘ്രം നടന്നു്, കുട്ടികളുടെ അടുക്കൽ ചെന്നു, അവരെ വിളിച്ചുണർത്തി, ഓരോരുത്തരേയും ആശ്ലേഷിച്ചു്, മൂർദ്ധാവിൽ ചുംബിച്ചു.

അനന്തരം ക്ഷമാവതിയെപ്പററിയുള്ള ഉൽകണ്ഠ അയാളെ ബാധിക്കയാൽ, കുട്ടികളേയും കൂട്ടിക്കൊണ്ടു, വേഗം വീട്ടിലേക്കു പുറപ്പെട്ടു. അപ്പോൾ കോഴികൂകി; വഴിയിൽ മങ്ങിയ വെളിച്ചവുമുണ്ടായിരുന്നു. കല്ലും മുള്ളും, കുണ്ടും കുഴിയും കൊണ്ടു ദുർഘടമായ കാട്ടുവഴിയിൽകൂടി കഴിയുന്ന വേഗം നടന്നു്, ഉഷസ്സിങ്കൽ അവർ വീട്ടിലെത്തി.

മാതാപിതാക്കന്മാർ എഴുന്നേററിരുന്നു ഈശ്വരപ്രാർത്ഥന കഴിക്കുന്നു. ക്ഷമാവതി കിടക്കയിൽനിന്നെഴുന്നേററിട്ടില്ല. അവൾ രാത്രിയിൽ ഉറങ്ങിയില്ല; അതുകൊണ്ടു് ഉണർന്നിട്ടില്ല എന്നു പറഞ്ഞാം. നല്ല ബോധമില്ലാതെ അവൾ ഓരോമാതിരി സ്വപ്നം കണ്ടുകൊണ്ടു്, രാത്രി മുഴുവൻ കിടക്കയായിരുന്നു. ഭർത്താവിനാൽ കാട്ടിൽ ഉപേക്ഷിക്കപ്പെട്ട സ്വന്ത തനയന്മാർ പട്ടിണി കിടന്നു മരിച്ചു എന്നു ഒരിക്കലും, ദുഷ്ടമൃഗങ്ങൾക്കു് അവർ ഇരയായി ഭവിച്ചു എന്നു വേറൊരിക്കലും അവൾ സ്വപ്നം കാണും. അപ്പോൾ അവൾ ഞെട്ടിയെഴുന്നേററു്, "അയ്യോ! എൻറീശ്വരാ എൻെറ കുഞ്ഞുങ്ങൾ! അയ്യോ ഞാൻ നിർഭാഗ്യ!" എന്നും മററും നിലവിളിച്ചു്

വീണ്ടും കിടക്കയിലേക്ക് മറിയും. പരോപകാരതല്പരരായ ചില ദിവ്യന്മാർ ആ കുട്ടികളെ കണ്ടുമുട്ടി, സംരക്ഷിക്കുന്നു എന്നും അവരെ ഉത്തമരായി വളർത്തി കാലാന്തരത്തിൽ തന്നെ ഏല്പിക്കുമെന്നും മേധാദർപ്പണത്തിൽ പ്രതിബിംബിച്ചിട്ട്, ആരുവോരും തുണയില്ലാത്ത നിസ്സഹായികളെ സംരക്ഷിക്കുന്ന ജഗദീശ്വരനെ നന്ദിയോടെ സ്തുതിക്കും. തന്റെ ആദ്യസന്താനങ്ങൾ നഷ്ടപ്പെട്ടുപോയെങ്കിലും സമർത്ഥന്മാരും കോമളന്മാരുമായ പല പുത്രന്മാർ പിന്നീടു തനിക്കു ജനിച്ചു എന്നും അവൾക്കു തോന്നും. അപ്പോൾ നന്ദിയോടെ അവൾ സ്തോത്രഗീതങ്ങൾ പാടും. തന്റെ കുഞ്ഞുങ്ങളും ഭർത്താവും ക്ഷേമത്തോടെ തിരിച്ചുവന്നു എന്നും അവക്ക് യാതൊരാപകടവും സംഭവിച്ചില്ല എന്നും മനസ്സിലുദിച്ചിട്ട്, അവൾ കുഞ്ഞുങ്ങളെ പേർചൊല്ലി വിളിക്കയും, അവരെ കാണാഴികയാൽ കരഞ്ഞുംകൊണ്ട് പായിൽ പതിക്കയും ചെയ്യും.

---

ഇങ്ങിനെ പതിച്ച ഒരവസരത്തിലായിരുന്നു കുട്ടികൾ വീട്ടിലെത്തിയതു്. ഉടനെ രണ്ടാമൻ, "അമ്മേ, അമ്മേ" എന്നുറക്കെ രണ്ടാവർത്തി വിളിച്ചു. ഉടനെ അവൾ അതിശീഘ്രത്തിൽ കുതിച്ചുചാടി വെളിയിൽ വന്നു "എല്ലാവരുമുണ്ടോ" എന്നു വിളിച്ചു ചോദിക്കയും, അവരെ മൂവരേയും രണ്ടു കൈകൊണ്ടും ആലിംഗനം ചെയ്തു ഓരായിരം പ്രാവശ്യം ചുംബിക്കയും, സന്തോഷത്തിന്റെ ശക്തിയോടുകൂടിയ തള്ളൽ ഹേതുവാൽ പൊട്ടിക്കരയുകയും, ഭ്രാന്തിയെപ്പോലെ തുള്ളിച്ചാടുകയും ചെയ്തു. അമ്മയുടെ പാരവശ്യം കണ്ടു കുട്ടികളും കരഞ്ഞു. ഈ ലഹളകേട്ടു വൃദ്ധനും വൃദ്ധയും ഇറങ്ങിവന്നു. പിതൃപാലകൻ അവരെയെല്ലാവരേയും ശാസിച്ചു സമാധാനപ്പെടുത്തി.

പിന്നീട്ട നിധിയുടെ വിവരം അയാൾ മാതാപിതാക്കന്മാരെയും ഭാൎയ്യയേയും ധരിപ്പിച്ചു. തങ്ങളുടെ ദാരിദ്ര്യം മാററിക്കിട്ടിയതിൽ എല്ലാവൎക്കും വളരെ സന്തോഷമുണ്ടായി. തൻെറ മുറിപ്പെട്ടിന്നി നീങ്ങിക്കിട്ടിയല്ലോ എന്നു കണ്ടു ക്ഷമാവതിക്കു അധികം സന്തോഷമുണ്ടാകാതിരുന്നില്ല. എങ്കിലും പുത്രപുനൎല്ലാഭത്തിലാണ് അവൎക്കു അവൎണ്ണനീയമായ ആനന്ദം ഉളവായതു്.

നിധിലാഭത്തിനു ഇടയാക്കിയ സംഗതികൾ വിവരിച്ചുകേട്ടപ്പോൾ വൃദ്ധപിതൃക്കൾക്കു വലിയ സങ്കടം തോന്നി. തങ്ങളെ സംരക്ഷിപ്പാൻ പുത്രൻ എത്ര കഷ്ടപ്പാടു സഹിക്കുന്നു; അതേ സ്വസന്താനങ്ങളെക്കൂടി ബലികഴിപ്പാൻ തയാറാകുന്നു, എന്നു ഗ്രഹിച്ചപ്പോൾ, അവർ പൊട്ടിക്കരഞ്ഞുപോയി. അതേസമയംതന്നെ അവരുടെ നേൎക്കുള്ള പുത്രൻെറ ഭക്തി, സ്നേഹം, അവരെപ്പററിയുള്ള കരുതലുകൾ ഇത്യാദി സംഗതികളാൽ അവരുടെ ഉള്ളം ആനന്ദംകൊണ്ടു് തുളുമ്പുകയും, ഇപ്രകാരം അത്യുത്തമനായ ഒരു പുത്രനെ തങ്ങൾക്കു് ദാനംചെയ്തതിനു ജഗദീശ്വരനെ സ്തുതിക്കയും, ആ പുത്രൻെറ ദീൎഘായുസ്സിനായി പ്രാൎത്ഥിക്കയും ചെയ്തു. ഒടുവിൽ പുത്രൻെറ ത്യാഗപൂൎവ്വമായ പ്രവൃത്തിക്കു അവനെ ശ്ലാഘിച്ചു. സംഭവങ്ങൾ ശുഭമായി പൎയ്യവസാനിച്ചതിനാൽ അവിടെ അന്നുണ്ടായ ആനന്ദം സീമയററതായിരുന്നു.

പിതൃപാലകൻ താമസിയാതെ കുറേ നിലംപുരയിടങ്ങൾ വാങ്ങിക്കയും, ഒരു നല്ല ഭവനം പണികഴിപ്പിക്കയും, കുട്ടികൾക്കും ഭാൎയ്യക്കും ആഭരണങ്ങൾ നിൎമ്മിക്കയും ചെയ്തു. അവൻ മാതാപിതാക്കന്മാരുടെ സൎവ്വാഭീഷ്ടങ്ങളും ഉടനുടൻ സാധിച്ചുകൊടുത്തു, അവർ സമാധാനത്തോടും, തൃപ്തിയോടും സുഖത്തോടുംകൂടി അവരുടെ അന്ത്യകാലം കഴിച്ചുകൂട്ടി.

പിതൃപാലകൻ ഇപ്പോൾ ഒരു മാന്യനും ആ സ്ഥലത്തെ ഒരു പ്രധാനിയുമായിത്തീൎന്നു. പിതൃപാലകനോടാലോചിക്കാതെ അവിടെ ആരും ഒരു സംഗതിയും നടത്താറില്ല. ക്ഷമാവതി ഇപ്പോൾ ഒരു സമ്പന്നന്റെ ഭാൎയ്യയായതിനാൽ സമീപവാസികളുടെ പ്രത്യേകയാദരവിനും സ്തുതിക്കും പാത്രീഭവിച്ചു. എങ്കിലും ഈ ഭാൎയ്യാഭൎത്താക്കന്മാരാകട്ടെ, ഒട്ടുംതന്നെ നിഗളിച്ചുപോയില്ല; പ്രത്യുത അവർ അധികമധികം അവരുടെ ഹൃദയത്തെ എളിമപ്പെടുത്തി മനോവിനയത്തിലും, ഈശ്വരഭക്തിയിലും ശോഭിച്ചു. അവർ പരോപകാരവൃത്തിയിൽ അധികസമയം ചെലവാക്കി ജീവിച്ചുപോന്നു.

ശുഭം.

21 NOV 1953

MUL

094269